കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പുറത്തൂർ ഗ്രാമപഞ്ചായത്ത്

# 2017-18

# ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.28/1157/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം മലപ്പുറം

തീയതി 12-06-19

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ്,

(സെക്രട്ടറി മുഖേന)

പുറത്തൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :പുറത്തൂർ ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുറത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട്, Aims വെബ്സൈറ്റ് മുഖേന പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)പഞ്ചായത്ത് അസി. ഡയറക്ടർ

4)കാര്യാലയ പകർപ്പ്

നം കെ.എസ്.എ.എം.പി.എം.28/1157/2019

തിയ്യതി:12-06-2019

മലപ്പുറം ജില്ലയിലെ പുറത്തൂർ ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ പുറത്തൂർ ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 26/09/2017 മുതൽ 30/04/2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

--------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. അജിത്ത് ആർ,ഡെപ്യൂട്ടി ഡയറക്ടർ.

--------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 02-05-2019മുതൽ 18-05-2019വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. നസീർ ടി കെ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. റിഷിൽ പി | അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീ. സന്തോഷ് പി ടി | അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീ മുഹമ്മദ് ഫാസിൽ ടി ടി | ഓഡിറ്റർ |

ബി ) നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി .സൗദ എൻ പി | 01.04.2017 മുതൽ 31.03.2018 വരെ |

സെക്രട്ടറി

| | |
|---|---|
| 1.ശ്രീ.അബ്ബ ഫൈസൽ | 01.04.2017 മുതൽ 24.10.17 വരെ |
| 2.ശ്രീമതി റീന എ എം<br>സെക്രട്ടറി ഇൻചാർജ് | 25.10.2017 മുതൽ 19.11.17 വരെ |
| 3 ശ്രീ ആർ പ്രകാശ് | 20.11.2017 മുതൽ 31.03.2018 വരെ |

<u>മറ്റു നിർവഹണ ഉദ്യോഗസ്ഥർ.</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| 1 അസി. സെക്രട്ടറി | റീന എ എം | 01.04.2017 മുതൽ 31.03.2018 വരെ |
| 2.വെറ്ററിനറി സർജൻ | ഡോ.പ്രദീപ് ജേക്കബ് | 01.04.2017മുതൽ 18.04.2017വരെ |
| | ഡോ.ദർശന | 19.04.2017 മുതൽ 08.05.2017 വരെ |
| | ഡോ.ശില്പ പി | 09.05.2017മുതൽ 03.12.2017വരെ |
| | ഡോ.അങ്കിറസ് | 04.12.2017 മുതൽ 31.03.2018 വരെ |
| 3.മെഡിക്കൽ<br>ഓഫീസർ (പി.എച്ച്.സി) | ഡോ.നജ് മ | 01.04.2017മുതൽ 04.08.2017വരെ |
| | ഡോ.സബീല.പി.പി | 05.08.2017 മുതൽ 30.08.2017 വരെ |
| | ഡോ.ഷംജിത | 31.08.2017 മുതൽ 31.03.2018 വരെ |
| 4.അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീമതി. ജിൻസി .ഐ | 01.04.2017മുതൽ 28.06.2017വരെ |
| | ശ്രീമതി.അജിത എൽ | 29.06.2017മുതൽ 10.11.2017വരെ |
| | ശ്രീ.രാജീവ് പി ഡി | 10.11.2017 മുതൽ 31.03.2018 വരെ |

| | | |
|---|---|---|
| 5.വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | ശ്രീ. ബൈജുലാൽ എം | 01.04.2017മുതൽ 31.03.2018 വരെ |
| 6.ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. സക്കീന കുന്നത്ത് | 01.04.2017മുതൽ 01.05.2017 വരെ |
| | ശ്രീമതി.ബീന പി കെ | 02.05.2017 മുതൽ 31.03.2018 വരെ |
| 7.ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ. ബിനു സുധാകർ | 01.04.2017മുതൽ 31.03.2018 വരെ |
| 8.ഹെഡ്മാസ്റ്റർ | ശ്രീ. ബേബി എം ടി | 01.04.2017മുതൽ 31.03.2018 വരെ |
| 9.കൃഷി ഓഫീസർ | ശ്രീ. വിനയൻ എൻ വി | 01.04.2017മുതൽ 04.08.2017വരെ |
| | ശ്രീമതി. ദിവ്യ കെ | 05.08.2017മുതൽ 28.10.2017വരെ |
| | ശ്രീമതി.പ്രതിഭ എസ് എസ് | 29.10.2017 മുതൽ31.03.2018വരെ |

ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| ഭാഗം I പൊതു അവലോകനം | | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തൊഴിലുറപ്പ പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കിലെ അപാകതകൾ | 1-12 |
| ഭാഗം II | | |

| | | |
|---|---|---|
| വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 13 | തനത് വരുമാന വർദ്ധനവിന് പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തേണ്ടതാണ് | 2-1 |
| 14 | ടെണ്ടർ ഫോമിന്റെ വില പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വച്ചിട്ടില്ല | 2-2 |
| 15 | കെട്ടിട നിർമ്മാണ അപേക്ഷകളെ കുറിച്ചുള്ള വിവരം വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നില്ല | 2-3 |
| 16 | നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം-കളക്ഷൻ ചാർജ് പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വെച്ചിട്ടില്ല. | 2-4 |
| ഭാഗം III<br>ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 17 | ഡ്രൈനേജ് പ്രവൃത്തി - സെന്ററിംഗ് ഷട്ടറിംഗ് പ്രവൃത്തിക്ക് അധിക നിരക്ക് നൽകി - നഷ്ടം 65337 രൂപ | 3-1 |
| 18 | സർവീസ് ടാക്സ് അടവാക്കിയില്ല – കരാറുകാർക്ക് അധികം നൽകിയത് 80842 രൂപ | 3-2 |
| 19 | തെരുവ് വിളക്ക് സ്ഥാപിക്കൽ —അപാകതകൾ | 3-3 |
| 20 | മരാമത്ത് പ്രവൃത്തികൾ കാലതാമസം വരുത്തിയതിന് പിഴ ഈടാക്കിയില്ല – 25236രൂപ തടസ്സം ചെയ്യുന്നു. | 3-4 |
| 21 | പ്രിന്റിംഗാ ചെലവുകൾക്ക് തുക നൽകുന്നതിന് ജി.എസ്.റ്റി ഈടാക്കി അടവാക്കിയിട്ടില്ല | 3-5 |
| 22 | കളരിയമ്പലം അംഗനവാടി നവീകരണം – എസ്റ്റിമേറ്റ് പ്രകാരമുള്ള ഇനം റൂഫിംഗ് പ്രവൃത്തിയിൽ ഉപയോഗിച്ചില്ല | 3-6 |
| 23 | അംഗനവാടി റിപ്പയർ (നം. 60,61,62,63) – പ്രവൃത്തി പൂർത്തിയായിട്ടും മുഴവൻ തുകയും അനവദിച്ചില്ല | 3-7 |
| 24 | തൊഴിലുറപ്പ് മെറ്റീരിയൽ വർക്ക് പർച്ചേസ്സ് —അപാകതകൾ | 3-8 |
| 25 | ശമ്പള പരിഷ്കരണ കുടിശ്ശിക— പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല | 3-9 |
| 26 | 63ാം നമ്പർ അംഗനവാടി പ്രവൃത്തി - അളവ് പുസ്തകത്തിൽ തെറ്റായ വിവരങ്ങൾ ചേർത്തു. | 3-10 |
| 27 | വരൾച്ച ദുരിതാശ്വാസം—കുടിവെള്ള വിതരണം—അപാകതകൾ | 3-11 |
| 28 | മരാമത്ത് പ്രവൃത്തി - അവലോകനം | 3-12 |
| 29 | ഡെപ്പോസിറ്റ് വർക്കുകൾക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 3-13 |
| 30 | തെരുവ് വിളക്ക് സ്ഥാപിക്കൽ —രേഖകൾ ഹാജരാക്കിയിട്ടില്ല | 3-14 |
| 31 | പ്രൊജക്ട് അംഗീകാരം ലഭ്യമാക്കാതെ തുക ചെലവഴിച്ചത് ക്രമപ്രകാരമല്ല | 3-15 |

| | | |
|---|---|---|
| 32 | ദിവസവേതനത്തിന് നിയമിക്കൽ —സർക്കാർ ഉത്തരവ് പാലിക്കാതെ | 3-16 |
| 33 | ധനവിനിയോഗ രേഖകൾ ഹാജരാക്കിയില്ല. ചെലവ് തടസ്സപ്പെടുത്തുന്നു | 3-17 |
| 34 | ഇടവിളകൃഷിക്ക് നടീൽ വസ്തുക്കളുടെ വിതരണം-രേഖകൾ ലഭ്യമാക്കേണ്ടതാണ്. | 3-18 |
| 35 | രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. | 3-19 |
| 36 | മെഡിക്കൽ ഓഫീസർ (അലോപ്പതി) നിർവഹണത്തിലെ/ രേഖകൾ ഹാജരാക്കിയതിലെ അപാകതകൾ | 3-20 |
| 37 | പരിരക്ഷാ പദ്ധതിക്കാവശ്യമായ മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല | 3-21 |
| 38 | പഞ്ചായത്തിലെ ഹോമിയോ ഡിസ്പെൻസറിയിൽ ആശുപത്രി മാനേജിംഗ് കമ്മിറ്റി രൂപീകരിക്കാത്തത് സർക്കാർ ഉത്തരവിന് വിരുദ്ധം | 3-22 |
| 39 | ICDS സൂപ്പർവൈസർ നിർവഹണം നടത്തിയ പ്രോജക്ടിലെ / രേഖകൾ ഹാജരാക്കിയതിലെ അപാകതകൾ | 3-23 |
| 40 | ആദായനികുതി ഈടാക്കിയില്ല; കരാറുകാർക്ക് തുക അധികം നൽകിയതിനാൽ 49264 രൂപയുടെ നഷ്ടം സംഭവിച്ചു. | 3-24 |
| | ഭാഗം IV<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 41 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 |
| 42 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 43 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 44 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 45 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 46 | ഓഡിറ്റ് റിക്കവറി | 4-6 |
| 47 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 48 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 49 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| | അനുബന്ധം | |
| 50 | ഓഡിറ്റ് സാക്ഷ്യപത്രം | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ പുതുക്കിയ ബജറ്റ് 08.03.2018 തിയതിയിലെ 1-ാം തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 29.05.2018 | -- | -- |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 25.06.2018 മുതൽ 26.06.2018 വരെ | കെ എസ് എ എം പി എം 28/1668/18 തി. 04.07.2018 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 10386947.77 |
| വരവ് | 99499760 |
| ആകെ | 109886707.77 |
| ചെലവ് | 102871339 |
| നീക്കിയിരിപ്പ് | 7015368.77 |

## 1-5 ഫണ്ട് വിനിയോഗം(എ സി ആർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 22145000 | 22145000 | 20471902 | 1673098 |
| വികസനഫണ്ട് എസ്.സി.പി. | 0 | 11931748 | 11931748 | 10516623 | 1415125 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 2998 | 2998 | 0 | 2998 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 6457021 | 6457021 | 6448156 | 8865 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 4608751 | 4608751 | 4608751 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 12715496 | 12715496 | 9223706 | 3491790 |
| പെർഫോമൻസ് ഗ്രാന്റ് സ്റ്റേറ്റ് | 0 | 1380289 | 1380289 | 638283 | 742006 |

| | | | | | |
|---|---|---|---|---|---|
| പെർഫോർമൻസ് ഗ്രാന്റ് കേന്ദ്രം | 0 | 6564192 | 6564192 | 4167981 | 2396211 |
| എം.എൻ.ആർ.ഇ.ജി.എസ്. ഭരണച്ചെലവുകൾ | 6171 | 959349 | 965520 | 959712 | 5808 |
| എം.എൻ.ആർ.ഇ.ജി.എസ്. ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 17206793 | 17206793 | 17206793 | 0 |
| ബി ഫണ്ട് | 0 | 43136972 | 43136972 | 43136972 | 0 |
| തനത്ഫണ്ട് (കെ ജി ബി) | 3740938 | 19622875 | 23363818 | 18928844 | 4434969 |
| തനത്ഫണ്ട് കാഷ് | 62886 | 72627421 | 72690307 | 72593111 | 97196 |
| എസ് ബി ഐ (മറ്റേണിറ്റി) | 2361.24 | 88 | 2449,24 | - | 2449.24 |
| എസ് ബി ഐ ഇ-പേയ്മെന്റ് | 6823 | 89200 | 96023 | 649 | 95374 |
| എസ് ബി ഐ എസ് എസ് എ | 97615 | 3635 | 101250 | - | 101250 |
| എസ് ബി ടി ലിറ്ററസി | 2597 | 104 | 2710 | - | 2701 |
| ട്രഷറി ടി എസ് ബി (ജനറൽ പർപ്പസ്) | 4163252 | 22534368 | 26697620 | 26199658 | 497962 |
| സ്വജല (കെ ജി ബി) | 3861 | 393 | 4254 | 4254 | 0 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 206 | 104392894 | 177 | 65381695 | 5 | 24 | 88.3% |

## 1-7 തൊഴിലുറപ്പ് പദ്ധതി

| | | | | | |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 6171 | 953349 | 965520 | 959712 | 5808 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 17206793 | 17206793 | 17206793 | - |
| ആകെ | 6171 | 18160142 | 18172313 | 18166505 | 5308 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 91800 | 157 |
| കർഷക തൊഴിലാളി പെൻഷൻ | 4934900 | 400 |
| വിധവാ പെൻഷൻ | 13294300 | 1136 |
| വാർദ്ധക്യകാല പെൻഷൻ | 19594800 | 1639 |
| വികലാംഗ പെൻഷൻ | 4006300 | 342 |
| വിവാഹ ധനസഹായം | 690000 | 23 |
| 50 വയസ്സിനു മുകളിലിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 485500 | 40 |

## 1-9 കാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന07.05.2019 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 31163രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണത്തിലെ പോരായ്മകൾ താഴെ കൊടുക്കുന്നു.

1 കൃഷി ഓഫീസർ കാഷ്ബുക്ക്, പ്രോജക്ട് രജിസ്റ്റർ എന്നിവ ഹാജരാക്കിയില്ല.

2 വെറ്ററിനറി സർജൻ സർക്കാർ നിർദ്ദേശിച്ച മാതൃകയിലല്ല പ്രോജക്ട് രജിസ്റ്റർ സൂക്ഷിക്കുന്നത്.

3.തനത് ഫണ്ട് ധനാഗമന മാർഗ്ഗങ്ങൾ പരിഗണിക്കുന്നില്ല. (ഉദാ—മണൽ തൊഴിലാളികളിൽ നിന്നും തൊഴിൽ നികുതി പിരിച്ചെടുക്കുന്ന കാര്യം പരിഗണിച്ചിട്ടില്ല.

4.പർച്ചേസുകൾക്ക് മോണിട്ടറിങ് കാര്യക്ഷമമല്ല.

5.തെരുവ് വിളക്ക് കെ.എസ്.ഇ.ബിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി ചാർജ്ജ് പുനക്രമീകരിക്കണം

6.കുടിവെള്ള വിതരണം പഞ്ചായത്തിന് അധികബാദ്ധ്യത—സർവ്വീസ് ചാർജ്ജ് പരിഗണിക്കുന്നില്ല. പൊതു ടാപ്പുകൾ ഒഴിവാക്കി വ്യക്തിഗത കണക്ഷൻ നൽകുന്ന നടപടി ത്വരിതപ്പെടുത്തണം.

7.പ്ലാസ്റ്റിക്ക് ഷ്രഡിങ് യൂണിറ്റ് ലക്ഷ്യം കൈവരിച്ചിട്ടില്ല

8.ദിവസവേതന നിയമനം - സർക്കാർ നിർദ്ദേശം പാലിച്ച് നിയമനം നടത്തണം

9. മെഡിക്കൽ ഓഫീസർ, പ്രധാനാധ്യാപിക എന്നീ നിർവഹണ ഉദ്യോഗസ്ഥർ പ്രോജക്ട് രജിസ്റ്റർ, സബ്സിഡിയറി രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല

10.വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കുന്നില്ല.

പ്രൊജക്ട് നിർവ്വഹണം ആരംഭിച്ച് കഴിഞ്ഞാൽ വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതും പ്രവൃത്തിയുടെ ഓരോ ഘട്ടവും വിലയിരുത്തി ഭരണ സമിതിക്കും നിർവ്വഹണ ഉദ്യോഗസ്ഥനും റിപ്പോർട്ട് നൽകേണ്ടതുമാണ്. സ്റ്റാന്റിങ്ങ് കമ്മിറ്റി വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം തുടർച്ചയായി വിലയിരുത്തി ആവശ്യമായ ഇടപെടൽ നടത്തി നിർവ്വഹണ കലണ്ടർ പ്രകാരം പ്രവൃത്തി പൂർത്തിയാക്കുന്നു എന്ന് ഉറപ്പാക്കേണ്ടതുമാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15.01.2019 | 11/2018 12/2018 | 30.01.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15.11.2003 | 1997-98 മുതൽ 2002-03 വരെ | 25.02.2004 |

## 1-12 വാർഷിക കണക്കിലെ അപാകതകൾ

1 സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്കിന്റെ മൂല്യം കണക്കാക്കുകയോ സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

2 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ലാത്തതിനാൽ B-11 ഷെഡ്യൂളിലെ ആസ്തികളുടെ തുകകളുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

3 ഡെപ്പോസിറ്റ് രജിസ്റ്റർ സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്താത്തതിനാൽ എഎഫ്എസിലെ തുകയുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

4 തനത് ഫണ്ടിന്റെ അക്കൗണ്ടുകളിൽ നിന്നും നൽകിയിട്ടുള്ള 3 മാസത്തിലേറേയായി പണമാക്കാത്ത ചെക്കുകൾ ബാലൻസ് ഷീറ്റിലെ B-9 ഷെഡ്യൂളിൽ "കാലാവധി കഴിഞ്ഞ ചെക്കുകൾ (Liability in Respect of Stale CHEQUE)" എന്ന ശീർഷകത്തിലേക്ക് മാറ്റേണ്ടതുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | ബാങ്ക് അക്കൗണ്ട് | ചെക്ക് നമ്പർ | ഇഷ്യൂ തിയതി | തുക |
|---|---|---|---|---|
| 1 | കെ ജി ബി-1028359 | 009410 | 31.12.2017 | 3500 |
| 2 | | 18749 | 10.07.2017 | 33240 |
| 3 | | 18941 | 26.07.2017 | 3000 |
| 4 | പി എസ് സി ബി-2163 | 30213 | 23.12.2016 | 3840 |
| 5 | | 23795 | 19.04.2016 | 86 |
| 6 | | 17722 | 24.07.2015 | 150 |
| 7 | | 4245 | 25.09.2013 | 1950 |
| 8 | | 899 | 21.12.2013 | 4500 |
| 9 | | 15476 | 31.03.2015 | 1400 |
| 10 | | 18992 | 05.04.2013 | 155 |
| 11 | | 18994 | 10.04.2013 | 7800 |
| 12 | | 20559 | 31.03.2016 | 9784 |
| 13 | | 230334 | 31.03.2016 | 65000 |
| | | | ആകെ | 134405 |

നിലവിൽ" Liability in Respect of Stale Cheque " എന്ന ശീർഷകത്തിൽ 45073 രൂപയേ രേഖപ്പെടുത്തിയിട്ടുള്ളൂ.

5 ഗ്രാമപഞ്ചായത്തിലെ എസ് എം ജി ബി സ്വജല (അക്കൗണ്ട് നമ്പർ 106549) എന്ന അക്കൗണ്ട് നിർജീവമായതു കാരണം ടി അക്കൗണ്ടിലെ നീക്കിയിരിപ്പായി ഉണ്ടായിരുന്ന 4254 രൂപ 30.10.2017 ന്

ആർ ബി ഐ പിൻവലിച്ചിട്ടുണ്ട്. ടി തുക തിരികെ നേടാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

6. ഗ്രാമ പഞ്ചായത്ത് വ്യത്യസ്ത ആവശ്യങ്ങൾക്ക് വേണ്ടി തുടങ്ങിയ ബാങ്ക് അക്കൗണ്ടുകൾ കാലങ്ങളായി ഇടപാടുകൾ ഇല്ലാതെ കിടക്കുകയാണ്. പ്രസ്തുത നിഷ്ക്രിയ അക്കൗണ്ടുകൾ ക്ലോസ്സ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ഉദാ: SBI Maternity, SBI SSA, SBI OAP, KGB Swajala, PSCB-Saksharatha

7. വാർഷിക കണക്കുകളിൽ ചട്ടം 65 പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

8.2016-17 വർഷത്തെ എ എഫ് എസ് ലെ അപാകതകൾ പരിഹരിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 തനത് വരുമാന വർദ്ധനവിന് പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തേണ്ടതാണ്

ഗ്രാമ പഞ്ചായത്തിന്റെ 2017-18 വർഷത്തെ ബജറ്റിൽ മുൻ വർഷത്തേതിൽ നിന്നും അധികരിച്ച പുതിയ വരുമാന സ്രോതസ്സുകൾ ഒന്നും തന്നെ ഉൾപ്പെടുന്നില്ല. മാലിന്യ നിർമ്മാർജനം, തെരുവ് വിളക്ക്, ജലവിതരണം എന്നീ സേവനങ്ങൾ നൽകുന്നതിന് പഞ്ചായത്തിന് യഥാക്രമം 19,200, 3,62,728, 7,81,648 രൂപ (ആകെ 11,63,576) രൂപ ചെലവ് വരുന്നുണ്ട്. എന്നാൽ സേവന ഉപ നികുതി ഉൾപ്പെടെയുള്ള വരുമാന മാർഗ്ഗങ്ങൾ ആവിഷ്കരിച്ചിട്ടില്ല. തനത് വിഭവ സമാഹരണത്തിലേക്ക് സേവന ഉപനികുതി പോലുള്ള വരവിനങ്ങൾ പരിഗണിക്കാവുന്നതാണ്. പഞ്ചായത്ത് അതിന്റെ പരിധിയിലുള്ള കച്ചവട സ്ഥാപനങ്ങളെ സംബന്ധിച്ച ട്രേഡേഴ്സ് രജിസ്റ്റർ (വാർഡ് അടിസ്ഥാനത്തിൽ) തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ പഞ്ചായത്ത് ഇത്തരത്തിലുള്ള ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. കച്ചവടക്കാരുടെ വാർഡ് തിരിച്ചുള്ള പട്ടിക തയ്യാറാക്കുകയും മുഴുവൻ കച്ചവടക്കാരും ലൈസൻസ് എടുത്തുവെന്ന് ഉറപ്പു വരുത്തുകയും ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചാൽ ഈയിനത്തിലും വരുമാന വർദ്ധനവ് നേടുവാൻ കഴിയും. നിലവിൽ 19 വാർഡുകളിലായി 188 കച്ചവടക്കാർ മാത്രമാണ് ലൈസൻസ് വലയത്തിൽ ഉൾപ്പെട്ടിട്ടുള്ളത്. റേഷൻകടകൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ നിന്ന് ഡി ആന്റ് ഒ ലൈസൻസ് ഫീസ് പിരിവ് കാര്യക്ഷമമാക്കുന്നതോടൊപ്പം കച്ചവട സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ കൂടി തൊഴിൽ നികുതി ഈടാക്കി ബിസിനസ് സ്ഥാപനങ്ങളിൽ നിന്നുള്ള തൊഴിൽ നികുതി വരുമാനം വർദ്ധിപ്പാക്കാവുന്നതാണ്. തൊഴിൽ നികുതി പത്രിക സമർപ്പിക്കുന്ന സ്ഥാപനങ്ങളുടെ പേരു മാത്രം രജിസ്റ്ററിൽ രേഖപ്പെടുത്തി തൊഴിൽ നികുതി ഈടാക്കുന്ന രീതിയാണ് ഗ്രാമപഞ്ചായത്ത് നാളിതുവരെ പിന്തുടർന്ന് വരുന്നത്. ആയത് മൂലം പഞ്ചായത്തിലെ തന്നെ താത്കാലിക ജീവനക്കാരടക്കമുള്ളവരുടെ (മണൽ തൊഴിലാളികൾ) തൊഴിൽ നികുതി യഥാസമയം ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിന് സാധിക്കാതെ വരുന്ന സാഹചര്യമാണ് നിലവിലുള്ളത്. സ്ഥാപന രജിസ്റ്റർ തയ്യാറാക്കിയെങ്കിൽ മാത്രമേ പഞ്ചായത്ത് പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളും ജീവനക്കാരുടെ തൊഴിൽനികുതിയും സ്ഥാപന തൊഴിൽ നികുതിയും ഒടുക്കു വരുത്തിയെന്ന് ഉറപ്പ് വരുത്താനാവൂ. പഞ്ചായത്തിന്റെ അധികാര പരിധിയിലുള്ള നികുതി ചുമത്താവുന്ന വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും പേരു വിവരങ്ങളടങ്ങിയ സ്ഥാപന രജിസ്റ്റർ തയ്യാറാക്കാത്തതിനാൽ ഈയിനത്തിലും വരുമാന ചോർച്ച ഉണ്ടാവുന്നുണ്ട്.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മേൽ വിഷയം ചർച്ച ചെയ്ത് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ പുതിയ പദ്ധതികൾ ആരംഭിക്കുന്നത് ഉൾപ്പെടെയുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 2-2 ടെണ്ടർ ഫോമിന്റെ വില പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വെച്ചിട്ടില്ല.

താഴെ പറയുന്ന മരാമത്ത് പ്രവൃത്തികൾ ഇ ടെണ്ടറുകൾ വഴിയാണ് നടപ്പാക്കിയിട്ടുള്ളത്. നിലവിൽ ടെണ്ടർ ഫോറത്തിന്റെ വില എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ കിടക്കുകയാണ്. പഞ്ചായത്തിന് അർഹമായ ടെണ്ടർ ഫോറത്തിന്റെ വില, എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ നിന്നും പഞ്ചായത്ത് ഫണ്ടിൽ ലഭ്യമാക്കിയിട്ടില്ല.

| പ്രൊജക്റ്റ് നം | ടെണ്ടർ സമർപ്പിച്ചവരുടെ എണ്ണം | ടെണ്ടർ ഫോമിന്റെ വില | ആകെ |
|---|---|---|---|
| 213/18 | 2 | 1350 | 2700 |
| 41/18 | 2 | 1680 | 2360 |
| Total | | | 5060 |

ടെണ്ടർ ഫോറത്തിന്റെ വില ഈടാക്കി തനത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 2-3 കെട്ടിട നിർമാണ അപേക്ഷകളെ കുറിച്ചുള്ള വിവരം വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നില്ല

കെട്ടിട നിർമാണ അപേക്ഷയിൻമേൽ സമയബന്ധിതമായി നടപടി സ്വീകരിച്ചുവെന്ന് ഉറപ്പു വരുത്തുന്നതിനായി 16.12.2013 ലെ 73576/ആർ.എ1/2013 ത.സ്വ.ഭവ നമ്പർ സർക്കുലർ പ്രകാരം പഞ്ചായത്തിൽ ലഭിക്കുന്ന കെട്ടിട നിർമാണ അപേക്ഷകളെ സംബന്ധിച്ചുള്ള വിവരം പഞ്ചായത്ത് വെബ്സൈറ്റിൽ നിശ്ചിത പ്രഫോർമയിൽ പ്രസിദ്ധീകരിക്കാൻ നിർദ്ദേശിച്ചിരുന്നു. ആയത് കർശനമായി പാലിക്കണമെന്ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ എ2-23277/2013 തിയതി 01.08.2017 നമ്പർ കത്ത് മുഖേന സെക്രട്ടറിയെ അറിയിച്ചതുമാണ്. എന്നാൽ കെട്ടിട നിർമ്മാണ അപേക്ഷകളുടെ വിവരം പഞ്ചായത്ത് വെബ്സൈറ്റിൽ http://lsgkerala.in/purathurpanchayat/ പ്രസിദ്ധീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 25/16.05.2019 ന് മേലിൽ ഇത്തരത്തിലുള്ള അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുമെന്ന് മറുപടിയായി അറിയിച്ചു. കെട്ടിട നിർമ്മാണ അപേക്ഷകളെ സംബന്ധിച്ചുള്ള സംക്ഷിപ്ത വിവരം പഞ്ചായത്ത് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാനുള്ള തുടർനടപടി സ്വീകരിക്കേണ്ടതാണ്.

## 2-4 നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം-കളക്ഷൻ ചാർജ് പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വച്ചിട്ടില്ല.

1996 ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വെൽഫെയർ സെസ്സ് നിയമം വകുപ്പ് 3(3) പ്രകാരം പ്രവൃത്തികളുടെ ആകെ മൂല്യത്തിന്റെ ഒരു ശതമാനം ബന്ധപ്പെട്ട വർക്ക് ബില്ലിൽ നിന്നും വസൂലാക്കി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ ഒടുക്കേണ്ടതാണ്. ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം ഇതിന്റെ കളക്ഷൻ ചാർജ് ഇനത്തിൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ്. തൻവർഷത്തിൽ 311903 രൂപ നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം അടവാക്കിയിട്ടുണ്ട്. ഇതിന്റെ 1% കളക്ഷൻ ചാർജ് ഈടാക്കിയിട്ടില്ല. ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. (AUDIT ENQUIRY No. 20 / 15.5.19)

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### **3-1** ഡ്രൈനേജ് പ്രവൃത്തി - സെന്ററിംഗ് ഷട്ടറിംഗ് പ്രവൃത്തിക്ക് അധിക നിരക്ക് നൽകി - നഷ്ടം **65337** രൂപ

താഴെ പറയുന്ന പ്രവൃത്തികളിൽ സെന്ററിംഗ് ഷട്ടറിംഗ് പ്രവൃത്തിക്ക് അധിക നിരക്ക് നൽകിയതിനാൽ കരാറുകാർക്ക് 65337 രൂപ അധികം അനുവദിച്ചു.

1)എടക്കനാട് ലക്ഷം വീട് ഫുട്പാത്ത് കം ഡ്രൈനേജ്

പ്രൊജക്റ്റ് നം : 111/18

അടങ്കൽ : 495000, (SCP)

ചെലവ് : 450318 ബിൽ നം.19/3.6.17

കരാർ നം : AE/LSGD/PRTR/20/17-18 തീയ്യതി.10.2.17 (Estimate rate)

കരാറുകാരൻ - AP.പ്രകാശൻ

എംബുക്ക് നം: 543/17-18

DSOR :2014, CO 36.19%

നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ

ഈ പ്രൊജക്റ്റിന്റെ എസ്റ്റിമേറ്റിലെ നാലാമത്തെ ഇനം ഡ്രൈനേജിന്റെ പാർശ്വഭിത്തി കോൺക്രീറ്റ് ചെയ്യുന്നതിന് കോഡ് നമ്പർ 4.3.2 സ്പെസിഫിക്കേഷൻ അനുസരിച്ച് താഴെ പറയുന്ന അളവിൽ സെന്ററിംഗ് ഷട്ടറിംഗ് ചെയ്യലാണ്.

2x104x0.60 = 124.80 m2

എം.ബുക്ക് പേജ് നമ്പർ 5 പ്രകാരം മേൽപ്പറഞ്ഞ പ്രവൃത്തി താഴെ പറയുന്ന അളവിൽ നിർവ്വഹിച്ചിട്ടുണ്ട്.

2x15x0.45+0.50/2 = 14.25 m2

2x14x0.50+0.55/2 = 14.70 m2

2x8.6x0.55+0.60/2 = 9.89 m2

2x7.5x0.60+0.65/2 = 9.38 m2

2x17.6x0.65+0.70/2 = 23.76 m2

2x19.50x0.70 = 26.74 m2

98.72 m2

98.72 m2 @491.37/m2= 48508.05

മേൽ പ്രവൃത്തി പ്ലിന്ത് ലെവലിന് താഴെയുള്ള സെന്ററിംഗ് ഷട്ടറിംഗ് വർക്ക് ആയതിനാലും, ഷട്ടറിംഗ് വർക്കിന്റെ ഉയരം 1 മീറ്ററിൽ കുറവ് ആയതിനാലും DSOR സ്പെസിഫിക്കേഷൻ കോഡ് 4.3.1 പ്രകാരമുള്ള നിരക്കാണ്, @267.55/എം2, ഇത്തരം പ്രവൃത്തിക്ക് അനുവദിക്കാറുള്ളത്. എന്നാൽ സ്പെസിഫിക്കേഷൻ കോഡ് 4.3.2 പ്രകാരമുള്ള 491.37/എം2 നിരക്കാണ് അനുവദിച്ചിട്ടുള്ളത്. ഈ അപാകത നിമിത്തം പ്രൊജക്റ്റിൽ താഴെ പറയും പ്രകാരം അധികച്ചെലവ് വന്നിട്ടുണ്ട്.

അനുവദിച്ച തുക – 98.72 m2x491.37/m2 = 48508.05

അനുവദിക്കാവുന്ന തുക 98.72 m2x267.55/m2 = 26413

അധികച്ചെലവ് - 22095

ഓഡിറ്റ് എൻക്വയറി നം.18/15.5.2019 മുഖേന മേൽ അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ, മേൽപ്പറഞ്ഞ പ്രകാരം കരാറുകാരന് അധികം നൽകാനിടയായ 22095 രൂപ പ്രവൃത്തിയുടെ അളവെടുത്ത അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാധ്യതയായി നിജപ്പെടുത്തുന്നു.

2. ആശാരിപ്പടി റോഡ് ഡ്രൈനേജ്

പ്രൊജക്റ്റ് നം : 219/18

അടങ്കൽ : 495000, (KLGSDP)

ചെലവ് : 450318 ബിൽ നം.26/30.6.17

കരാർ നം : AE/LSGD/PRTR/11/17-18 തീയ്യതി.9.1.17 (Estimate rate)

കരാറുകാരൻ - AP.പ്രകാശൻ

എംബുക്ക് നം: 08/6-17

DSOR :2014, CO 36.19%

നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ

ഈ പ്രൊജക്റ്റിന്റെ എസ്റ്റിമേറ്റിലെ മൂന്നാമത്തെ ഇനം ഡ്രൈനേജിന്റെ പാർശ്വഭിത്തി കോൺക്രീറ്റ് ചെയ്യുന്നതിന് കോഡ് നമ്പർ 4.3.2 സ്പെസിഫിക്കേഷൻ അനുസരിച്ച് താഴെ പറയുന്ന അളവിൽ സെന്ററിംഗ് ഷട്ടറിംഗ് ചെയ്യലാണ്.

2x184x0.50 = 184 m2

എം.ബുക്ക് പേജ് നമ്പർ 5 പ്രകാരം മേൽപ്പറഞ്ഞ പ്രവൃത്തി താഴെ പറയുന്ന അളവിൽ നിർവ്വഹിച്ചിട്ടുണ്ട്.

2x30x0.65 = 39 m2

2x30x0.65 = 39 m2

2x30x0.65 = 39 m2

2x30x0.65 = 39 m2

2x30x0.65 = 39 m2

2x3.5x0.65+0.60 = 4.38 m2

2x30x0.60 = 36 m2

235.38 m2 Limited to 193.20 m2

193.20 m2 @491.37/m2= 94932.68

മേൽ പ്രവൃത്തി പ്ലിന്ത് ലെവലിന് താഴെയുള്ള സെന്ററിംഗ് ഷട്ടറിംഗ് വർക്ക് ആയതിനാലും, ഷട്ടറിംഗ് വർക്കിന്റെ ഉയരം 1 മീറ്ററിൽ കുറവ് ആയതിനാലും DSOR സ്പെസിഫിക്കേഷൻ കോഡ് 4.3.1

പ്രകാരമുള്ള നിരക്കാണ്, @267.55/m2, ഇത്തരം പ്രവൃത്തിക്ക് അനുവദിക്കാറുള്ളത്. എന്നാൽ സ്പെസിഫിക്കേഷൻ കോഡ് 4.3.2 പ്രകാരമുള്ള 491.37/എം2 നിരക്കാണ് അനുവദിച്ചിട്ടുള്ളത്. ഈ അപാകത നിമിത്തം പ്രൊജക്റ്റിൽ താഴെ പറയും പ്രകാരം അധികച്ചെലവ് വന്നിട്ടുണ്ട്.

അനുവദിച്ച തുക – 193.20 m2 m2x491.37/m2 = 94932.68

അനുവദിക്കാവുന്ന തുക 193.20 m2 m2x267.55/m2 = 51690.66

അധികച്ചെലവ് - 43242

ഓഡിറ്റ് എൻക്വയറിനം.19/15.5.2019 മുഖേന മേൽ അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ, മേൽപ്പറഞ്ഞ പ്രകാരം കരാറുകാരന് അധികം നൽകാനിടയായ 43242 രൂപ പ്രവൃത്തിയുടെ അളവെടുത്ത അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാധ്യതയായി നിജപ്പെടുത്തുന്നു.

## 3-2 സർവീസ് ടാക്സ് അടവാക്കിയില്ല – കരാറുകാർക്ക് അധികം നൽകിയത് 80842 രൂപ

താഴെ പറയുന്ന മരാമത്ത് പ്രവൃത്തികളിൽ സർവീസ് ടാക്സ് മൂല്യനിർണ്ണയത്തിലുൾപ്പെടുത്തി കരാറുകാരന് തുക അനുവദിച്ചു. സർവീസ് ടാക്സ് അടവാക്കിയിട്ടില്ലാത്തതിനാൽ കരാറുകാരിൽ നിന്നും സർവീസ് ടാക്സ് ഇനത്തിലുള്ള തുക തിരികെ ഈടാക്കിയിട്ടില്ല.

| പ്രൊജക്റ്റ് | മൂല്യ നിർണ്ണയം | അടവാക്കേണ്ട നികുതി | അടവാക്കിയ നികുതി | കുറവ് |
|---|---|---|---|---|
| SO087/18<br>നായർ തോട് ഗോമുഖം കടവുകളിൽ വെയിറ്റിംഗ് ഷെഡ്<br>MB-82/16-17, 395/15-16<br>ബിൽ-53/26.10.17<br>കരാർ - 53/23.3.17<br>കരാറുകാരൻ- KV.ദിവാകരൻ | 326413<br>(307682+18461 ST) | 18461 | 0 | 18461 |
| SO109/18<br>കള്ളർ ലക്ഷം വീട് കോളനിയിൽ കമ്മ്യൂണിറ്റി ടോയ്‌ലറ്റ് നിർമ്മാണം<br>MB-79/16-17<br>ചെക്ക് - 2244378/21.10.17 – 132661 | 2822663<br>(266663+16000 ST) | 16000 | 0 | 16000 |

| | | | | |
|---|---|---|---|---|
| 009390/30.11.17 - 150000<br>കരാർ - 58/23.3.17<br>കരാറുകാരൻ- AP.പ്രകാശൻ | | | | |
| SO119/18<br>കാവിലക്കാട് അംഗനവാടി കിണർ, പ്ലംബിംഗ് പ്രവൃത്തി<br>MB-307/15-16<br>ബിൽ-13/30.6.16<br>കരാർ - 39/20.2.17<br>കരാറുകാരൻ- AP.പ്രകാശൻ | 488104<br>(441723+46381 ST) | 46381 | 0 | 46381 |
| | | | | 80842 |

80842 രൂപ ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്. തുക ഈടാക്കുന്നതു വരെ അസി.എഞ്ചിനീയറുടെ ബാധ്യതയായി ചുമത്തുന്നു.

ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല (AUDIT ENQUIRY No. 21 / 15.5.19).

## 3-3 തെരുവ് വിളക്ക് സ്ഥാപിക്കൽ –അപാകതകൾ

പ്രോജക്ട് - 11/17–18 പ്രവർത്തി –തെരുവ് വിളക്ക് സ്ഥാപിക്കൽ

അടങ്കൽ - 420000 (ധനകാര്യ കമ്മീഷൻ ഗ്രാൻറ്) ചെലവ് –350000/–രൂപ

ബിൽ നം 9/17–18/20.9.17 നിർവ്വഹണം –സെക്രട്ടറി

പ്രൊജക്ട് നിർവ്വഹണത്തിൽ എൽ.ഇ.ഡി ലൈറ്റുകൾ സ്ഥാപിക്കുന്നതിന്ന് മേൽ പ്രൊജക്ടിനായി ടെണ്ടർ ചെയ്തതിൽ, ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത അലുമിന ഇലക്ട്രോണിക്സ് സിസ്റ്റംസ്, കക്കാടം പൊയിൽ, മലപ്പുറത്തിൻെറ ടെണ്ടർ പഞ്ചായത്ത് തീരുമാനം അംഗീകരിച്ചു. (24w –@2100/–, 40w –@3500/–) ടാക്സ് ഇൻവോയിസ് 154/30.4.17 പ്രകാരം 40w ൻെറ 42 എൽ.ഇ.ഡി, ഇൻവോയിസ് 115/20.2.17 പ്രകാരം 40w ൻെറ 85 എൽ.ഇ.ഡി എന്നിവ ലഭ്യമാക്കി ഇൻസ്റ്റാൾ ചെയ്തതിനാൽ മേൽ ബില്ല് പ്രകാരം പിൻവലിച്ച തുകയിൽ നിന്നും 350000/– രൂപ നൽകിയിട്ടുണ്ട്.

ഈ പ്രോജക്ടിന്റെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.

1. ടെണ്ടറിൽ പങ്കെടുത്ത സ്ഥാപനങ്ങൾ ക്വാട്ട് ചെയ്ത ലൈറ്റിന്റെയും ഫിറ്റിങ്ങുകളുടെയും ഗുണ നിലവാരം ക്ഷമതയുള്ള എഞ്ചിനീയർ പരിശോധിക്കാതെ വില മാത്രം അടിസ്ഥാനമാക്കിയാണ് ടെണ്ടർ

അംഗീകരിച്ചിട്ടുള്ളത്.

2. ആകെ ബിൽ തുകയായ 420000/−രൂപ അടങ്കലിൽ കരാറുകാരന് നൽകിയ 350000/− രൂപയിൽ നിന്നും താഴെ പറയും പ്രകാരം വരുമാന നികുതിയും, കെ.സി.ഡബ്ല്യൂ.ഡബ്ല്യൂ.എഫും ഈടാക്കേണ്ടിയിരുന്ന :

വരുമാന നികുതി @ 1% x 350000 = 3500 (ബില്ലിൽ TAN/PAN രേഖപ്പെടുത്തിയിട്ടില്ല )

കെ.സി.ഡബ്ല്യൂ.ഡബ്ല്യൂ.എഫും @ 1% x 350000 = 3500 (പ്രവർത്തിയിൽ ലേബർ ഉൾപ്പെടുന്നു )

5% സെക്യൂരിറ്റി ഡെപ്പോസിറ്റ് (420000x5% = 21000/−രൂപ ) ഈടാക്കിയിട്ടില്ല. (2 വർഷ വാറന്റി ഉൾപ്പെടുന്നു)

3-സ്ഥാപിക്കേണ്ട വിളക്കുകളുടെ എണ്ണം തിട്ടപ്പെടുത്തിയത് എപ്രകാരമാണെന്ന് വ്യക്തമല്ല. (ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി ഹാജരാക്കിയിട്ടില്ല)

4-ലൈറ്റുകൾ സ്ഥാപിച്ചതു സംബന്ധിച്ച് KSEB യുടെ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. (ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ്) ഇൻസ്റ്റലേഷൻ ചാർജ്ജ് ഇനത്തിൽ 150/−രൂപ വീതം മേൽ തുകയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

5.350000/−രൂപ കൈപ്പറ്റിയ സ്ഥാപനത്തിന്റെ രശീതി ലഭ്യമായിട്ടില്ല. തുക തടസ്സപ്പെടുത്തുന്നു.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി(നമ്പർ −12/13.5.19)

## 3-4 മരാമത്ത് പ്രവൃത്തികൾ കാലതാമസം വരുത്തിയതിന് പിഴ ഈടാക്കിയില്ല – 25236രൂപ തടസ്സം ചെയ്യുന്നു.

അസിസ്റ്റന്റ് എഞ്ചിനീയർ 2017-18 വർഷം നിർവ്വഹണം നടത്തിയ താഴെ പറയുന്ന മരാമത്ത് പ്രൊജക്ടുകളുടെ നിർവ്വഹണത്തിന് കരാർ എടുത്ത കരാറുകാർ പ്രവൃത്തികൾ കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ള കാലയളവിനുള്ളിൽ പൂർത്തിയാക്കിയിട്ടില്ല. എന്നാൽ ഇപ്രകാരം കരാർ പാലിക്കുന്നതിൽ വീഴ്ച വരുത്തിയ കരാറുകാർക്കെതിരെ പൊതുമരാമത്ത് മാന്വലിൽ നിഷ്കർഷിക്കുന്ന വിധം നടപടികൾ സ്വീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.

1. <u>കാലതാമസം വരുത്തിയതിന് പിഴ ഈടാക്കിയിട്ടില്ല.</u>

2013 ൽ പുതുക്കിയ പി.ഡബ്ല്യൂ.ഡി മാന്വൽ അനുസരിച്ച് കരാറുകാരന്റെ വീഴ്ച്ച മൂലം പ്രൊജക്ട് നിർവ്വഹണത്തിൽ കാലതാമസം വരുന്ന സന്ദർഭങ്ങളിൽ, കരാറുകാരൻ പ്രൊജക്ട് നിർവ്വഹണ കാലയളവ് ദീർഘിപ്പിക്കുന്നതിന് രേഖാമൂലം അപേക്ഷ നൽകണം. അപേക്ഷ പരിശോധിച്ച് സ്വീകര്യമാണെന്ന് കാണുന്ന പക്ഷം പ്രൊജക്ട് നിർവ്വഹണ കാലയളവ് പ്രൊജക്ട് അടങ്കലിന്റെ 1% പിഴ ഈടാക്കിക്കൊണ്ട് യഥാർത്ഥ നിർവ്വഹണ കാലയളവിന്റെ 25% ദീർഘിപ്പിച്ച് നൽകാവുന്നതാണ്. പ്രൊജക്ട് അടങ്കലിന്റെ 2% പിഴ ഈടാക്കിക്കൊണ്ട് ഇപ്രകാരം ഒരു തവണ കൂടി യഥാർത്ഥ നിർവ്വഹണ കാലയളവിന്റെ 25% വരെ നിർവ്വഹണ കാലയളവ് ദീർഘിപ്പിച്ച് നൽകാവുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും യഥാർത്ഥ നിർവ്വഹണ കാലയളവിന്റെ 50% ൽ അധികരിച്ച് പ്രൊജക്ട് നിർവ്വഹണ സമയം ദീർഘിപ്പിച്ച് നൽകാൻ പാടില്ല. എന്നാൽ ഇപ്രകാരം യാതൊരു നടപടിക്രമങ്ങളും താഴെ പറയുന്ന പ്രൊജക്ടുകളുടെ കരാർ സമയത്തിന് പൂർത്തിയാക്കാതിരുന്ന കരാറുകാരുടെ കാര്യത്തിൽ സ്വീകരിക്കുകയോ, കരാറുകാരിൽ നിന്നും പിഴ ഈടാക്കുകയോ ചെയ്തിട്ടില്ല.

| ക്രമ | പ്രൊജക്ടിന്റെ വിവരം | 1.പ്രവൃത്തി സ്ഥലം | ഈടാക്കേണ്ടിയിരുന്ന |
|---|---|---|---|

| | | | |
|---|---|---|---|
| നമ്പർ | | കൈമാറിയ തീയതി,<br>2.പൂർത്തീകരണ കാലയളവ്,<br>3)പൂർത്തീകരിക്കേണ്ട തീയ്യതി<br>4.പൂർത്തീകരിച്ച തീയ്യതി<br>5) കാലതാമസം | പിഴ |
| 1 | പ്രൊജക്റ്റ് : 128/18, ഭ്രാന്തൻ കടവ് IHDP SC കോളനി റോഡ് പ്രവൃത്തി<br>അടങ്കൽ:450000.00<br>Agreed PAC-441200<br>ചെലവ്:441200<br>ബിൽ നമ്പർ - 74/12.2.18<br>കരാർനം:55/23.3.17<br>എംബുക്ക് നം: 128/17-18,<br>കരാറുകാരൻ - P.അബൂബക്കർ | 1) 24.3.17<br>2) (4മാസം)<br>3) 23.7.17<br>4) 23.1.18<br>5) 5 മാസം22 ദിവസം | പൂർത്തികരണ കാലയളവിന്റെ ആദ്യത്തെ 25% (45 ദിവസം)<br>441200x1%= 4412.00<br>രണ്ടാമത്തെ 25% (45 ദിവസം)<br>200000x2%= 8824.00<br>ആകെ.13236.00 |
| 2 | പ്രൊജക്ടനം:102/18, കോറാട്ടിൽ ബൈപ്പാസ് റോഡ് നിർമ്മാണം<br>അടങ്കൽ:400000.00<br>Agreed PAC-400000<br>ചെലവ്:398480<br>ബിൽ നമ്പർ - 62/25.1.18<br>കരാർനം:32/28.1.17 | 1) 28.1.17<br>2)2മാസം<br>3) 31.3.17<br>4) 11.12.17<br>5) 8മാസം 10 ദിവസം | പൂർത്തികരണ കാലയളവിന്റെ ആദ്യത്തെ 25% (45 ദിവസം)<br>400000x1%= 4000.00<br>രണ്ടാമത്തെ 25% (45 ദിവസം)<br>400000x2%= 8000.00<br>ആകെ.12000.00 |

| | | | |
|---|---|---|---|
| | എംബുക്ക് നം: 65/16-17<br>കരാറുകാരൻ- P.അബൂബക്കർ | | |
| ആകെ | | | 25236 |

2. പുതുക്കിയ മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ കരാറിൽ ഉൾപ്പെടുത്തിയിട്ടില്ല.

2013 ൽ പുതുക്കിയ പി.ഡബ്ല്യു.ഡി മാന്വൽ അനുസരിച്ച് പ്രൊജക്ട് പൂർത്തീകരണത്തിൽ കാല താമസം വരുത്തുന്നതിന് ഈടാക്കേണ്ട പിഴ സംബന്ധിച്ചും സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ചുമുള്ള വ്യവസ്ഥകൾ പരിഷ്കരിച്ചിട്ടുണ്ട്. എന്നാൽ മേൽ പ്രൊജക്ടുകളുടെ എഗ്രിമെന്റുകളിൽ പിഴ സംബന്ധിച്ച് പഴയ പി.ഡബ്ല്യു.ഡി മാന്വലിലെ വ്യവസ്ഥകൾ തന്നെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

3. കാലതാമസം ഒഴിവാക്കാൻ നിർദ്ദേശം നൽകിയിട്ടില്ല.

മേൽ പ്രൊജക്ടുകൾ യഥാസമയം പൂർത്തിയാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നിർവ്വഹണ ഉദ്യോഗസ്ഥൻ കരാറുകാർക്ക് ഒരിക്കൽ പോലും നിർദ്ദേശം നൽകുകയോ, കരാറുകാർ പ്രൊജക്ടുകൾ പൂർത്തീകരിക്കുന്നതിൽ വന്ന കാലതാമസത്തിന് വിശദീകരണം സമർപ്പിക്കുകയോ ചെയ്തിട്ടില്ല.

മേൽ അപാകതകൾക്ക് ഓഡിറ്റ് എൻക്വയറി (AUDIT ENQUIRY No. 28 / 16.5.19) മുഖേനെ വിശദീകരണം ആവശ്യപ്പെട്ടിരുന്നുവെങ്കിലും, ആയത് ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ ക്രമ നമ്പർ 1 അപാകതയുടെ അടിസ്ഥാനത്തിൽ മേൽ പ്രൊജക്ടുകൾ പ്രകാരം ചെലവഴിച്ച തുകകളിൽ നിന്നും പിഴയിനത്തിൽ ഈടാക്കാതിരുന്ന 25236 രൂപ ചെലവ് ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. അപാകതകൾക്ക് സമയബന്ധിതമായി മറുപടി ലഭ്യമാക്കാത്ത പക്ഷം പ്രസ്തുത തുക പ്രൊജക്ടുകളുടെ ഫൈനൽ ബിൽ അനുവദിച്ച അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാധ്യതയായി നിജപ്പെടുത്തുന്നതാണ്.

## 3-5 പ്രിന്റിംഗ് ചെലവുകൾക്ക് തുക നൽകുന്നതിന് ജി.എസ്.റ്റി ഈടാക്കി അടവാക്കിയിട്ടില്ല

1. പഞ്ചായത്തിലേക്ക് ആവശ്യമായ പ്രിന്റിംഗ് ചെലവുകൾക്ക് തുക നൽകിയത് സംബന്ധിച്ച വിശദ വിവരം ചുവടെ ചേർക്കുന്നു.

| നം | വൗച്ചർ നം /തീ | തുക | റിമാർക്ക്സ് |
|---|---|---|---|
| 1 | 2170053/10.4.17 | 7059 | പഞ്ചായത്തിലേക്ക് പ്രിന്റിംഗ് നടത്തിയതിന് പ്രോഗ്രസ്സ് പ്രിന്റേഴ്സ്, ബാലകൃഷ്ണന് നൽകിയത് |
| 2 | 2170133/17.5..17 | 3700 | പഞ്ചായത്തിലേക്ക് പ്രിന്റിംഗ് നടത്തിയതിന് പ്രോഗ്രസ്സ് പ്രിന്റേഴ്സ്, ബാലകൃഷ്ണന് നൽകിയത് |
| 3 | 2170134/17.5.17 | 1049 | പഞ്ചായത്തിലേക്ക് പ്രിന്റിംഗ് നടത്തിയതിന് പ്രോഗ്രസ്സ് പ്രിന്റേഴ്സ്, ബാലകൃഷ്ണന് നൽകിയത് |
| 4 | 2170199/6.6.17 | 4405 | പഞ്ചായത്തിലേക്ക് പ്രിന്റിംഗ് നടത്തിയതിന് പ്രോഗ്രസ്സ് പ്രിന്റേഴ്സ്, ബാലകൃഷ്ണന് നൽകിയത് |

| | | | |
|---|---|---|---|
| 5 | 2170235/23.6.17 | 5400 | പഞ്ചായത്തിലേക്ക് പ്രിന്റിംഗ് നടത്തിയതിന് പ്രോഗ്രസ്സ് പ്രിന്റേഴ്സ്, ബാലകൃഷ്ണന് നൽകിയത് |
| 6 | 2170242/20.6.17 | 4772 | പഞ്ചായത്തിലേക്ക് പ്രിന്റിംഗ് നടത്തിയതിന് പ്രോഗ്രസ്സ് പ്രിന്റേഴ്സ്, ബാലകൃഷ്ണന് നൽകിയത് |
| 7 | 2170292/30.6.17 | 7855 | പഞ്ചായത്തിലേക്ക് പ്രിന്റിംഗ് നടത്തിയതിന് പ്രോഗ്രസ്സ് പ്രിന്റേഴ്സ്, ബാലകൃഷ്ണന് നൽകിയത് |
| 8 | 2170600/21.10.17 | 5260 | പഞ്ചായത്തിലേക്ക് പ്രിന്റിംഗ് നടത്തിയതിന് പ്രോഗ്രസ്സ് പ്രിന്റേഴ്സ്, ബാലകൃഷ്ണന് നൽകിയത് |
| 9 | 2170798/27.12.17 | 7148 | പഞ്ചായത്തിലേക്ക് പ്രിന്റിംഗ് നടത്തിയതിന് പ്രോഗ്രസ്സ് പ്രിന്റേഴ്സ്, ബാലകൃഷ്ണന് നൽകിയത് |
| 10 | 2170574/17.10.17 | 4400 | പഞ്ചായത്തിലേക്ക് പ്രിന്റിംഗ് നടത്തിയതിന് പ്രോഗ്രസ്സ് പ്രിന്റേഴ്സ്, ബാലകൃഷ്ണന് നൽകിയത് |
| 11 | 2170721/18.11.17 | 4265 | പഞ്ചായത്തിലേക്ക് പ്രിന്റിംഗ് നടത്തിയതിന് പ്രോഗ്രസ്സ് പ്രിന്റേഴ്സ്, ബാലകൃഷ്ണന് നൽകിയത് |
| 12 | 21701262/31.3.18 | 31126 | പഞ്ചായത്തിലേക്ക് പ്രിന്റിംഗ് നടത്തിയതിന് പ്രോഗ്രസ്സ് പ്രിന്റേഴ്സ്, ബാലകൃഷ്ണന് നൽകിയത് |
| 13 | 21701259/30.3.18 | 4400 | പഞ്ചായത്തിലേക്ക് പ്രിന്റിംഗ് നടത്തിയതിന് പ്രോഗ്രസ്സ് പ്രിന്റേഴ്സ്, ബാലകൃഷ്ണന് നൽകിയത് |
| 14 | 21701004/27.2.18 | 5230 | പഞ്ചായത്തിലേക്ക് പ്രിന്റിംഗ് നടത്തിയതിന് പ്രോഗ്രസ്സ് പ്രിന്റേഴ്സ്, ബാലകൃഷ്ണന് നൽകിയത് |
| | ആകെ | 89010/- | പഞ്ചായത്തിലേക്ക് പ്രിന്റിംഗ് നടത്തിയതിന് പ്രോഗ്രസ്സ് പ്രിന്റേഴ്സ്, ബാലകൃഷ്ണന് നൽകിയത് |

പ്രോഗ്രസ്സ് പ്രിന്റേഴ്സ് ഉടമ ശ്രീ.ബാലകൃഷ്ണന് ജി.എസ്.റ്റി ബില്ല് ഹാജരാക്കാതെയാണ് പ്രിന്റിംഗ് ചാർജ് നൽകിയിട്ടുള്ളത്. ആയത് ക്രമപ്രകാരമല്ല. നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും തുക ഈടാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ –13/13.5.19)

## **3-6** <u>കളരിയമ്പലം അംഗനവാടി നവീകരണം – എസ്റ്റിമേറ്റ് പ്രകാരമുള്ള ഇനം റൂഫിംഗ് പ്രവൃത്തിയിൽ ഉപയോഗിച്ചില്ല</u>

പ്രൊജക്റ്റ് നം : 192/18

അടങ്കൽ : 300000, (MG(NR)

ചെലവ് : ബിൽ നം.104/26.3.18 – 299522

കരാർ നം : AE/LSGD/PRTR/12/16-17 തീയ്യതി.28.11.17 (Estimate rate)

കരാറുകാരൻ - PV.സത്യജയൻ

എംബുക്ക് നം: 189/17-18

നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ

പദ്ധതി പ്രകാരം അംഗനവാടി കെട്ടിടത്തിന്റെ മുകളിൽ സേവാ കേന്ദ്രം നിർമ്മിക്കുന്നു. പ്രവൃത്തിയുടെ ഇനം 2(1) പ്രകാരം കെട്ടിടത്തിന്റെ മേൽക്കൂരയിൽ 0.35 mm കനത്തിലുള്ള Profile/Trafford sheet വിരിച്ചതിന് 47799.55രൂപ അനുവദിച്ചിട്ടുണ്ട് (56.51 m2 x845.86/m2(OD)). 15.5.19 ന് ഓഡിറ്റിന്റെ ഭാഗമായി നടത്തിയ സ്ഥല പരിശോധനയിൽ റൂഫിംഗിനായി വിരിച്ചിട്ടുള്ള ഷീറ്റ് 0.30 mm കനമുള്ളതാണെന്ന് ബോധ്യപ്പെട്ടു. എസ്റ്റിമേറ്റ് പ്രകാരം ഉൾപ്പെടുത്തിയതും അളവുപുസ്തക പ്രകാരം രേഖപ്പെടുത്തിയതും 0.35 mm കനത്തിലുള്ള ഷീറ്റ് ആയിരിക്കെ 0.30 mm കനമുള്ളത് പ്രവൃത്തിയിൽ ചെയ്ത് ആയതിന് തുക അനുവദിച്ചത് ക്രമപ്രകാരമല്ല. 0.30 mm കനമുള്ള ഷീറ്റിന് അനുവദിക്കാവുന്ന തുക കണക്കാക്കി കരാറുകാരന് അധികം നൽകിയ തുക തിരിച്ച് ഈടാക്കേണ്ടതാണ്. അതുവരെ ഈ ഇനത്തിന് അനുവദിച്ച ചെലവ് തുക തടസ്സം ചെയ്യുന്നു.

ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല (AUDIT ENQUIRY No. 21 / 15.5.19).

## 3-7 അംഗനവാടി റിപ്പയർ (നം. 60,61,62,63) – പ്രവൃത്തി പൂർത്തിയായിട്ടും മുഴുവൻ തുകയും അനുവദിച്ചില്ല

പ്രൊജക്ട് നം : 75/18

അടങ്കൽ : 300000, (MG(NR) & ICDS Share)

ചെലവ് : ബിൽ നം.52/26.10.17 – 1,60,000

കരാർ നം : AE/LSGD/PRTR/67/16-17 തീയ്യതി.30.3.17 (Estimate rate)

കരാറുകാരൻ - AP.പ്രകാശൻ

എംബുക്ക് നം: 81/16-17

DSOR :2014, CO 36.19%

നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ

തദ്ദേശ സ്വയംഭരണ സ്ഥാപനവും സാമൂഹ്യ നീതി വകുപ്പും സംയുക്തമായി നടപ്പാക്കിയ ഒരു പ്രൊജക്ടാണിത്. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ 160000 രൂപയും ICDS വിഹിതം 140000 രൂപയും ഉൾപ്പെടുന്നു. പ്രവൃത്തി 29.6.17 ന് പൂർത്തിയായിട്ടുണ്ട്. പ്രവൃത്തിയുടെ മൂല്യനിർണ്ണയം 299587 രൂപയാണ്. സേവന നികുതി 28468 രൂപ ഉൾപ്പെടെയാണ് മൂല്യ നിർണ്ണയം കണക്കാക്കിയിട്ടുള്ളത്. ഇതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വിഹിതം മേൽ ബിൽ പ്രകാരം പിൻവലിച്ച് കരാറുകാരന് നൽകിയിട്ടുണ്ട്. ICDS വിഹിതം നാളിതുവരെ ലഭ്യമാക്കി കരാറുകാരന് അനുവദിച്ചതായി കാണുന്നില്ല. കൂടാതെ കരാറുകാരൻ സേവന നികുതി അടവാക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

സേവന നികുതി അടവാക്കിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതും കരാറുകാരന് മുഴുവൻ തുക അനുവദിക്കാത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതുമാണ്. ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. (AUDIT ENQUIRY No. 21 / 15.5.19)

## 3-8 തൊഴിലുറപ്പ് മെറ്റീരിയൽ വർക്ക് പർച്ചേസ്സ് –അപാകതകൾ

17–18 ൽ തൊഴിലുറപ്പ് പദ്ധതിക്കായി മെറ്റീരിയൽ വാങ്ങിയത് സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു

| പ്രവർത്തി | കോൺട്രാക്ടർ | തുക | | | അക്കൗണ്ട് നമ്പർ |
|---|---|---|---|---|---|
| | | തുക | ടാക്സ് | I.T | |
| 1.ചാലന്തറ നടപ്പാത (W−8) ബിൽ തുക −179775/− | പ്രകാശൻ എംബുക്ക്−155/16−17 | 149108 | 5963 | 1491 | A/C 30165096268 19.5.2017 |
| 2.ചമ്രവട്ടം−കാവിലക്കാട് റോഡ് (w−6 )−132963 | പ്രകാശൻ എംബുക്ക് −161/16−17 | 116374 | 4655 | 1163 | A/C 30165096268 19.5.2017 |
| 3.പള്ളീലത്ത് പടി നടപ്പാത (w−14)−178615/− | പ്രകാശൻ എംബുക്ക് −145/16−17 | 162484 | 6499 | 1624 | A/C 30165096268 19.5.2017 |
| 4.കാട്ടിപ്പറമ്പ് പുളിഞ്ചോട് നടപ്പാത(w−14)−174152/− | പ്രകാശൻ എംബുക്ക് −132/16−17 | 174152 | 5968 | 1492 | A/C 30165096268 19.5.2017 |
| 5.ഐ.ഇ.ടി കനാൽ നടപ്പാത (w−5)−128091/− | പ്രകാശൻ എംബുക്ക് −170/16−17 | 128091 | 4359 | 1090 | A/C 30165096268 19.5.2017 |
| അമ്മിയങ്കരപ്പടി നടപ്പാത (w−16)−96956/− | പ്രകാശൻ എംബുക്ക് −163/16−17 | 80156 | 3207 | 802 | A/C 30165096268 19.5.2017 |
| 6.കൈതനിപ്പറമ്പ് ആശാരി ത്തറ റോഡ് (w−2 )−138660/− | പ്രകാശൻ എംബുക്ക് −137/16−17 | 112701 | 4508 | 1127 | A/C 30165096268 19.5.2017 |
| 7.മൂന്നങ്ങാടി നടപ്പാത (w−1)−178004/− | പ്രകാശൻ എംബുക്ക് −168/16−17 | 160245 | 6410 | 1603 | A/C 30165096268 19.5.2017 |
| 8.യു.പി സ്റ്റോപ്പ് നടപ്പാത (w−19)−126165/− | പ്രകാശൻ എംബുക്ക് −139/16−17 | 109365 | 4375 | 1094 | A/C 30165096268 19.5.2017 |
| 9.പള്ളിക്കടവ് നടപ്പാത (W−12) 160167/− | പ്രകാശൻ എംബുക്ക് −138/16−17 | 134487 | 5380 | 1345 | A/C 30165096268 19.5.2017 |
| 10.അമ്പലപ്പടി നടപ്പാത | പ്രകാശൻ എംബുക്ക് | 113466 | 5385 | 1346 | A/C 30165096268 |

| | | | | | |
|---|---|---|---|---|---|
| (W−18) 160167/− | −162/16−17 | | | | 19.5.2017 |
| 11.അച്ചാരം കുളം നടപ്പാത (W−15) 183780/− | പ്രകാശൻ എംബുക്ക് −134/16−17 | 167889 | 6716 | 1679 | A/C 30165096268 19.5.2017 |
| 12.ഉണ്ടപ്പടി നടപ്പാത (W−13) 175526/− | സിദ്ധിക്ക് എംബുക്ക്−164/16−17 | 159446 | 6378 | 1595 | A/C50243234441 19.5.2017 |
| 13.കളത്തിപ്പറമ്പ് നടപ്പാത (W−10) 141072/− | സിദ്ധിക്ക് എംബുക്ക്−142/16−17 | 129072 | 5163 | 1290 | A/C50243234441 19.5.2017 |
| 14.മണ ൽക്കടവ് 15.നടപ്പാത (W−7) 153398/− | സിദ്ധിക്ക് എംബുക്ക്−167/16−17 | 141638 | 5666 | 1417 | A/C50243234441 19.5.2017 |
| 16.മിച്ചഭൂമി നടപ്പാത (W−17) 141072/− | സിദ്ധിക്ക് എംബുക്ക്−165/16−17 | 157058 | 6282 | 1570 | A/C50243234441 19.5.2017 |
| 17.മുട്ടന്നൂർ നടപ്പാത (W−3) 163616/− | സിദ്ധിക്ക് എംബുക്ക്−144/16−17 | 149456 | 5978 | 1495 | A/C50243234441 19.5.2017 |
| | | ആകെ | 92892 | 23223 | |

(പ്രവൃത്തികൾ എല്ലാം 30.4.2017 ൽ പൂർത്തീകരിച്ചിട്ടുണ്ട്)

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ

1.ടെണ്ടറിൽ പങ്കെടുത്ത വ്യക്തിക്ക് മെറ്റീരിയൽ സപ്ലൈ ചെയ്യുന്നതിനുള്ള ലൈസൻസ് ഹാജരാക്കിയിട്ടില്ല

2.കോൺട്രാക്ടർ GST രജിസ്ട്രേഷനോടുകൂടിയ ബില്ല് (PAN/TAN രേഖപ്പെടുത്തിയത്) ഹാജരാക്കിയിട്ടില്ല.

3.മെറ്റീരിയൽ സ്റ്റോക്ക് രജിസ്റ്റർ പൂർണ്ണമല്ല

മേൽപ്പറഞ്ഞ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 3-9 ശമ്പള പരിഷ്കരണ കുടിശ്ശിക– പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല

ഗ്രാമ പഞ്ചായത്തിലെ വിവിധ ജീവനക്കാർക്ക് ചുവടെ കാണിച്ച വൗച്ചറുകൾ പ്രകാരം ശമ്പള പരിഷ്കരണ കുടിശ്ശിക അനുവദിച്ചിട്ടുണ്ട്. എന്നാൽ ശമ്പള പരിഷ്കരണ കുടിശ്ശിക തുകയിലുൾപ്പെട്ട അടിസ്ഥാന ശമ്പള വർദ്ധനവിന്റെ 15% തുക പെൻഷൻ കോൺട്രിബ്യൂഷനായി അടവാക്കേണ്ടതായിരുന്നുവെങ്കിലും അപ്രകാരം അടവാക്കിയിട്ടില്ല. ശമ്പള വർദ്ധനവിനാനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

| വൗച്ചർ നമ്പർ/തീയ്യതി | തുക | റിമാർക്സ് |
|---|---|---|
| 21700618/25.10.17 | 25653 | 2014 ലെ പേ റിവിഷൻ രണ്ടാം ഗഡു -ശ്രീ. അബു ഫൈസൽ, സെക്രട്ടറി |
| | 28246 | 2014 ലെ പേ റിവിഷൻ രണ്ടാം ഗഡു -ശ്രീ.പ്രദീപ് |

| | | |
|---|---|---|
| | | കുമാർ, അസി.സെക്രട്ടറി |
| | 12076 | 2014 ലെ പേ റിവിഷൻ രണ്ടാം ഗഡു -ശ്രീമതി ലക്ഷ്മി.വി സീനിയർ ക്ലാർക്ക് |
| | 10499 | 2014 ലെ പേ റിവിഷൻ രണ്ടാം ഗഡു -ശ്രീമതി.സിനി.ആർ, സീനിയർ ക്ലാർക്ക് |
| | 16148 | 2014 ലെ പേ റിവിഷൻ രണ്ടാം ഗഡു —ബിനേഷ് .അക്കൗണ്ടന്റ് |
| | 17631 | 2014 ലെ പേ റിവിഷൻ ആദ്യ ഗഡു- ശ്രീമതി .റീന എൻ.എം, അസി.സെക്രട്ടറി |
| | 10034 | 2014 ലെ പേ റിവിഷൻ ആദ്യ ഗഡു-ശ്രീമതി.രജനി.എസ് |
| | 15443 | 2014 ലെ പേ റിവിഷൻ ആദ്യ ഗഡു- ശ്രീ.സുരേഷ് ബാബു, ഒ.എ |
| | 5591 | 2014 ലെ പേ റിവിഷൻ ആദ്യ ഗഡു- ശ്രീ.മനു.എം.എസ്, ക്ലാർക്ക് |
| | 588 | 2014 ലെ പേ റിവിഷൻ ആദ്യ ഗഡു-ശ്രീമതി .ബേബി മോൾ.ക്ലാർക്ക് |
| 21700621/25.10.17 | 15956 | 2014 ലെ പേ റിവിഷൻ ആദ്യ ഗഡു – ശ്രീ.വിനോയ് .വി, ക്ലാർക്ക് |
| ,, | 970 | 2014 ലെ പേ റിവിഷൻആദ്യ ഗഡു -ശ്രീമതി. പ്രസന്ന, പി.ടി.എസ് |
| 21700622/25.10.17 | 20650 | 2014 ലെ പേ റിവിഷൻ രണ്ടാം ഗഡു -ശ്രീ.മനു.എം.എസ്, ക്ലാർക്ക് |
| —ടി— | 2950 | 2014 ലെ പേ റിവിഷൻ രണ്ടാം ഗഡു - രജനി, സീനിയർ ക്ലാക്ക് |
| —ടി— | 1138 | 2014 ലെ പേ റിവിഷൻ രണ്ടാം ഗഡു. ശ്രീ.സുരേഷ്ബാബു |
| —ടി— | 1768 | 2014 ലെ പേ റിവിഷൻ രണ്ടാം ഗഡു. സംഗീത (ഒ.എ) |
| —ടി— | 12742 | 2014 ലെ പേ റിവിഷൻ രണ്ടാം ഗഡു. ഉമേഷ് കുമാർ |
| —ടി— | 3331 | 2014 ലെ പേ റിവിഷൻ രണ്ടാം ഗഡു. സാവിത്രി |
| —ടി— | 6495 | 2014 ലെ പേ റിവിഷൻ രണ്ടാം ഗഡു. ബോബിമോൾ |
| —ടി— | 8460 | 2014 ലെ പേ റിവിഷൻ രണ്ടാം ഗഡു.റീന എ.എം |
| —ടി— | 8365 | 2014 ലെ പേ റിവിഷൻ രണ്ടാം ഗഡു. പ്രസന്ന |
| —ടി— | 1986 | 2014 ലെ പേ റിവിഷൻ രണ്ടാം ഗഡു. ബിജു.എസ് |
| 21700623/25.10.17 | 12144 | 2014 ലെ പേ റിവിഷൻ രണ്ടാം ഗഡു. അബു ഫൈസൽ, സെക്രട്ടറി |

| | | |
|---|---|---|
| —ടി— | 6840 | 2014 ലെ പേ റിവിഷൻ രണ്ടാം ഗഡു. വിജയൻ സീനിയർ ക്ലാർക്ക് |
| —ടി— | 7920 | 2014 ലെ പേ റിവിഷൻ രണ്ടാം ഗഡു. ബിനേഷ് |
| | 6957 | 2014 ലെ പേ റിവിഷൻ രണ്ടാം ഗഡു. പ്രദീപ് കുമാർ |
| | 686 | 2014 ലെ പേ റിവിഷൻ രണ്ടാം ഗഡു. സിനി |
| | 4455 | 2014 ലെ പേ റിവിഷൻ രണ്ടാം ഗഡു. ലക്ഷ്മി (ക്ലാർക്ക് |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ —11/9.5.19)

## 3-10 63ാം നമ്പർ അംഗനവാടി പ്രവൃത്തി - അളവു പുസ്തകത്തിൽ തെറ്റായ വിവരങ്ങൾ ചേർത്തു.

പ്രൊജക്ട് നം : 86/18

അടങ്കൽ : 495000

ചെലവ് : 483398

ബിൽ നം.10/30.6.17 – 300000

ചെക്ക് നം - 2235465/31.3.17 - 183398

കരാർ നം : AE/LSGD/PRTR/37/17-18 തീയ്യതി.20.2.17 (Estimate rate)

കരാറുകാരൻ - AP.പ്രകാശൻ

എം.ബുക്ക് നം: 305/15-16

നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ

പ്രവൃത്തിയുടെ മൂല്യ നിർണ്ണയം 483398 രൂപയാണ്. ഇത് പ്രകാരം കരാറുകാരന് അനുവദിക്കേണ്ട തുക താഴെ പറയുന്നു.

മൂല്യ നിർണ്ണയം - 483398

(-) VAT – 19336

IT – 4834

Kcwf – 4834

454394

എന്നാൽ അളവ് പുസ്തക പ്രകാരം താഴെ പറയും പ്രകാരമാണ് Memorandom of payment കാണിച്ചിട്ടുള്ളത്.

മൂല്യ നിർണ്ണയം - 465300

Add Service Tax – 27918

ആകെ - 493218

(-) VAT – 18612

IT – 4653

Kcwf – 4653

465300

ബിൽ പ്രകാരവും ചെക്ക് പ്രകാരവും പിൻവലിച്ച തുക 483398 രൂപയും ഇതിൽ നിന്നും കരാറുകാരന് അനുവദിച്ചത് 455480 രൂപയുമാണ്. കരാറുകാരന് അനുവദിക്കേണ്ട തുക 454394 രൂപയാണ്. അധികമായി 1086 രൂപ കരാറുകാരന് അനുവദിച്ചു. കൂടാതെ പാർട്ട് ബില്ലായി അനുവദിച്ച 183398 രൂപയിൽ നിന്നും നിയമാനുസൃതമായി പിടിക്കേണ്ട റീട്ടെൻഷൻ പിടിച്ചിട്ടില്ല. അളവ് പുസ്തകത്തിൽ പാർട്ട് ബിൽ നൽകിയതിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. VAT, IT, Kcwf എന്നിവ അതാത് സ്ഥാപനങ്ങളിലേക്ക് കുറവായി അടവാക്കി.

മേൽ അപാകതകൾക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 23 / 15.5.19) മറുപടി ലഭ്യമാക്കിയില്ല

അധികമായി കരാറുകാരന് അനുവദിച്ച തുക തിരിച്ച് പിടിക്കേണ്ടതും മറ്റ് അപാകതകൾക്ക് വിശദീകരണം നൽകേണ്ടതുമാണ്.

## 3-11 വരൾച്ച ദുരിതാശ്വാസം–കുടിവെള്ള വിതരണം–അപാകതകൾ

2017–18 ൽ വരൾച്ച ദുരിതാശ്വാസം–കുടിവെള്ള വിതരണം ചെയ്തതിൻെറ ഭാഗമായി താഴെപ്പറയുന്ന ചെലവുകൾ നടത്തിയിട്ടുണ്ട്

| വൗച്ചർ നം/തീയ്യതി | തുക |
|---|---|
| 2170057/20.4.2017 | 96150 |
| 2170103/11.5.2017 | 77700 |
| 2170125/11.5.2017 | 57750 |
| 2170163/17.5.2017 | 82600 |
| 2170202/10.6.2017 | 103950 |
| 2170236/27.6.2017 | 57842+4808 (I.T) |
| ആകെ | 475992/– |

താഴെപ്പറയുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല.

1.മേൽ പ്രവൃത്തിക്ക് തയ്യാറാക്കി അംഗീകാരം വാങ്ങിയ പ്രൊജക്റ്റ് കോപ്പി ഹാജരാക്കിയിട്ടില്ല.

2.തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രക്യൂർമെന്റ് മാന്വൽ സർക്കാർ ഉത്തരവ് ജി.ഒ(ആർ.ടി)2487/2013 /എൽ.എസ്.ജി.ഡി/20-08-16 ഖണ്ഡിക 3-2(1) പ്രകാരം 60,000 /–രൂപയിൽ അധികരിച്ചുള്ള ചെലവുകൾക്ക് ടെണ്ടർ വിളിക്കുന്നതിന് പകരം ക്വട്ടേഷൻ വിളിച്ചത് വഴി ടെണ്ടർ ഫോം വിലയിനത്തിൽ ലഭിക്കേണ്ട തുക നഷ്ടമായി. (പത്രപ്പരസ്യം നൽകാതെ നോട്ടീസ് ബോർഡിൽ പതിക്കുക മാത്രമേ ചെയ്തിട്ടുള്ളു)

3.പഞ്ചായത്ത് തീരുമാനം ലഭ്യമാക്കിയിട്ടില്ല

4.വെള്ളം വിതരണം ചെയ്ത വാഹനങ്ങളുടെ ട്രിപ്പ് ഷീറ്റ്

5.വെള്ളം വിതരണം ചെയ്തതിന്റെ രേഖ, ഗുണ നിലവാരം സാക്ഷ്യപ്പെടുത്തിയ രേഖ ലഭ്യമാക്കിയിട്ടില്ല. തുക തടസ്സപ്പെടുത്തുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ –1/17–18/6.5.19)

## 3-12 മരാമത്ത് പ്രവൃത്തി - അവലോകനം

ഓഡിറ്റ് വർഷം അസിസ്റ്റന്റ് എഞ്ചിനീയർ 128 പ്രോജക്ടുകളാണ് ഏറ്റെടുത്തത്. ഈ പ്രോജക്ടുകളുടെ ആകെ അടങ്കൽ 4,31,25,569രൂപയാണ്. ചെലവഴിച്ചത് 3,11,90,255 രൂപയാണ്. അതായത് 72 ശതമാനം മാത്രം. ഏറ്റെടുത്ത പ്രോജക്ടുകളിൽ 17 എണ്ണം നിർവഹണം നടത്തിയിട്ടില്ല എന്ന് കാണുന്നു. സ്പിൽ ഓവറായി വന്ന 68 പ്രൊജക്റ്റുകളിൽ ഒരെണ്ണം തൻവർഷത്തിലും നടപ്പിലാക്കിയിട്ടില്ല. സങ്കീർണമായ നടപടി ക്രമങ്ങൾ പൂർത്തിയാക്കിയാണ് പ്രോജക്ടുകൾ രൂപം കൊള്ളുന്നതും അംഗീകാരം ലഭ്യമാവുന്നതും. അർഹമായ നടപടിക്രമങ്ങൾ പൂർത്തിയാക്കി, ആവശ്യമായ തുക വകയിരുത്തി തയ്യാറാക്കുന്ന പ്രോജക്ടുകൾ ഉപേക്ഷിക്കുന്ന പ്രവണത കൂടിവരുന്നതായി കാണുന്നു. ഇത് ഗ്രാമ പഞ്ചായത്തിന്റെ പദ്ധതി പ്രവർത്തനങ്ങളുടെ ലക്ഷ്യപ്രാപ്തി നഷ്ടപ്പെടുത്തുന്നതാണ്. 1.19 കോടി രൂപ വകയിരുത്തിയ പ്രോജക്ടുകൾ നിർവഹിക്കാൻ അസിസ്റ്റന്റ് എഞ്ചിനീയർക്കായില്ല എന്ന് കാണുന്നു. ഇപ്രകാരം ഉപേക്ഷിക്കപ്പെട്ട പ്രോജക്ടുകൾ അടുത്ത വർഷത്തേക്ക് സ്പിൽ ഓവറായി ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കേണ്ടതാണ്. പ്രോജക്ടുകൾ നിർവഹിക്കാതിരുന്നത് എന്തുകൊണ്ട് എന്ന് വിശദീകരിക്കേണ്ടതാണ്. വ്യാപകമായ തോതിൽ പ്രോജക്ടുകൾ ഒഴിവാക്കപ്പെടുന്ന സാഹചര്യം ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

90 ശതമാനം പ്രവൃത്തികളും എസ്റ്റിമേറ്റ് നിരക്കിലാണ് പോയിട്ടുള്ളത്. അതുകൊണ്ട് തന്നെ ടെണ്ടർ സേവിംഗ്സ് ഇനത്തിൽ ഗ്രാമ പഞ്ചായത്തിന് ലാഭം ഉണ്ടായിട്ടില്ല. കരാറുകാർ തമ്മിലുള്ള ധാരണയുടെ അടിസ്ഥാനത്തിലാണ് ടെണ്ടറുകൾ എടുക്കുന്നത്. അതുകൊണ്ട് തന്നെ ടെണ്ടർ നടപടികൾ പ്രഹസനമായി മാറുന്നു. പ്രവൃത്തികളുമായി ബന്ധപ്പെട്ട ഫയലുകളിൽ വൗച്ചർ നം., ബിൽ നം, ചെക്ക് നം. (തനത് ഫണ്ട്) എന്നിവ രേഖപ്പെടുത്തുന്നില്ല. പല പ്രവൃത്തികളിലും Site hand over date, PAC (Probable date of Contract) എന്നിവയും രേഖപ്പെടുത്തുന്നില്ല.

അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-13 ഡെപ്പോസിറ്റ് വർക്കുകൾക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

താഴെപ്പറയുന്ന ഡെപ്പോസിറ്റ് വർക്കുകൾക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

| നം | ബിൽ നം /തീ | തുക | റിമാർക്സ് |
|---|---|---|---|
| 1 | 2/17-8/31.7.17 | 100000(പ്ലാൻ) | ഐ.കെ.എം ഷെയർ നൽകിയത് |
| 2 | 11/17-18/20.9.17 | 2320000 ( പ്ലാൻ) | പഞ്ചായത്തിൽ 4 അംഗനവാടികൾ നിർമ്മിക്കാൻ പി.ഡബ്ലിയു.ഡി ക്ക് ഷെയർ നൽകിയത് |
| 3 | 12/17-18/20.9.17 | 540000 (പ്ലാൻ) | ഐ.എ.വൈ, ഷെയർ തിരൂർ ബ്ലോക്കിന് നൽകിയത് |
| 4 | 20/17-18/20.2.18 | 393117(പ്ലാൻ) | പ്ലാസ്റ്റിക്ക് ഷ്രഡിങ് യൂണിറ്റ് യന്ത്രങ്ങൾക്ക് ശുചിത്വ മിഷന് മുൻകൂർ നൽകിയത് |
| | ആകെ | 3353117/- | |

തുക തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്ന മുറയ്ക്ക് തടസ്സം ഒഴിവാക്കുന്നതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ -14/17-18/14.5.19)

## 3-14 തെരുവ് വിളക്ക് സ്ഥാപിക്കൽ -രേഖകൾ ഹാജരാക്കിയിട്ടില്ല

പ്രോജക്ട് നം -10/18 പ്രവൃത്തി -തെരുവ് വിളക്ക് സ്ഥാപിക്കൽ

അടങ്കൽ −150000/− (തനത് ഫണ്ട്) ചെലവ് −147000/−
വൗച്ചർ നമ്പർ −21700723/3.5.2017 നിർവ്വഹണം −സെക്രട്ടറി

തെരുവ് വിളക്ക് സ്ഥാപിക്കുന്നതിന് (9 വാട്ട് എൽ.ഇ.ഡി) ക്രൂസിൽ നിന്ന് ടെണ്ടർ കൂടാതെ 300 എണ്ണം വാങ്ങിയതിൻെറ വിലയായിട്ടാണ് മേൽ തുക നൽകിയത്. എന്നാൽ പരിശോധനയിൽ ബില്ലിൽ 140047−രൂപയുടേത് മാത്രമാണ്. പിൻവലിച്ച തുക 147000/−രൂപയിൽ ബിൽ തുക കുറച്ച് 6953/−രൂപയുടെ വിനിയോഗരേഖ ഹാജരാക്കാത്തതിനാൽ ആയത് നിർവ്വഹണോദ്യോഗസ്ഥൻെറ ബാദ്ധ്യതയായി നിലനിർത്തുന്നു. ചെലവ് രേഖകൾ, സ്റ്റോക്ക് എന്നിവ ഹാജരാക്കാത്തതിനാൽ ബാക്കി തുക 140047/− (147000−6953=140047) തടസ്സപ്പെടുത്തുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ −12/17−18/13.5.19)

## 3-15 പ്രൊജക്ട് അംഗീകാരം ലഭ്യമാക്കാതെ തുക ചെലവഴിച്ചത് ക്രമപ്രകാരമല്ല

തനത് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ ചില മരാമത്ത് പ്രവൃത്തികൾ പ്രൊജക്ട് രൂപീകരിച്ച് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം വാങ്ങിക്കാതെയാണ് നിർവ്വഹിച്ചിട്ടുള്ളത്. ഒരു തദ്ദേശഭരണ സ്ഥാപനം അതിന്റെ പ്രദേശത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന എല്ലാ വികസന പ്രവർത്തനങ്ങളും (വിഭവ സ്രോതസ്സ് ഏത് തന്നെ ആയിരുന്നാലും) പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ് എന്നും, പദ്ധതിയിൽ ഉൾപ്പെടുത്താതെ തനത് ഫണ്ട് ഉപയോഗിച്ചുള്ള നിർമ്മാണ പ്രവൃത്തികൾ ചെയ്യാൻ പാടില്ലായെന്നും അങ്ങിനെ പ്രവൃത്തികൾ ഉൾപ്പെടുത്തുന്നുണ്ടെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാങ്കേതികാനുമതി നൽകാൻ പാടില്ല എന്നും 13-ാം പദ്ധതി സംബന്ധിച്ച മാർഗ്ഗരേഖയിൽ സർക്കാർ വ്യക്തമാക്കിയിട്ടുള്ളതാണ്. എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ, കണ്ടിജന്റ് ചെലവുകൾ, വെള്ളക്കരം, സ്ട്രീറ്റ് ലൈറ്റ് ചാർജ് തുടങ്ങിയ അനിവാര്യ/പൊതു ചുമതലകൾ നിറവേറ്റുന്നതിനാവശ്യമായ തുക മാറ്റിവെച്ച ശേഷം മിച്ചം വരുന്ന തുക വിഭവ സ്രോതസ്സായി പദ്ധതിയിൽ ഉൾപ്പെടുത്താൻ മാർഗ്ഗരേഖയിൽ നിർദ്ദേശമുള്ളതാണ്.

ഗ്രാമ സഭ, വർക്കിങ്ങ് ഗ്രൂപ്പുകൾ, വികസന സെമിനാർ തുടങ്ങിയ വ്യവസ്ഥാപിത സംവിധാനത്തിലൂടെ രൂപീകരിക്കുന്ന വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ആവശ്യമായ അംഗീകാരം നേടി നടപ്പിലാക്കേണ്ടതാണ് ഇത്തരം പ്രവൃത്തികൾ എന്ന് സർക്കാർ നിർദ്ദേശമുള്ളതാണെങ്കിലും മേൽ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രൊജക്ട് തയ്യാറാക്കാതെ പ്രവൃത്തി നിർവ്വഹിക്കുകയാണ് ചെയ്യുന്നത്. ഓഡിറ്റ് വർഷം ചില പ്രവൃത്തികൾക്കായി ഇത്തരത്തിൽ തുക ചെലവഴിച്ചിട്ടുണ്ട്. വികേന്ദ്രീകൃതാസൂത്രണമെന്ന സങ്കൽപത്തിന് തന്നെ വിരുദ്ധമായ നടപടിയാണിത്. ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് വർഷം പദ്ധതിയുടെ ഭാഗമാക്കാതെ നിർവ്വഹിച്ച മരാമത്ത് പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | വൗച്ചർ | തുക |
|---|---|---|---|
| 1 | ശ്മശാനം റിപ്പയർ | 21700914/23.1.18 | 22450 |
| 2 | പഞ്ചായത്ത് ഷട്ടർ റിപ്പയർ | 21700919/20.1.18 | 11600 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ 15/17−18/14.5.19)

## 3-16 ദിവസവേതനത്തിന് നിയമിക്കൽ −സർക്കാർ ഉത്തരവ് പലിക്കാതെ

ഗ്രാമപഞ്ചായത്ത് 2017-18 വർഷത്തിൽ വിവിധ തസ്തികയിൽ താൽക്കാലിക ജോലിക്കാരെ നിയമിച്ചതിൻെറ രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു

(1) തസ്തികകൾ ഒഴിവ് വരുന്ന മുറയ്ക്ക് പ്രത്യേക സർക്കാർ ഉത്തരവിൻെറ അടിസ്ഥാനത്തിൽ

മാനദണ്ഡങ്ങൾ പാലിച്ച് മാത്രമേ പഞ്ചായത്തിൽ താൽക്കാലിക ജീവനക്കാരെ നിയമിക്കാവൂ. ആയത് പാലിച്ചിട്ടില്ല

(2)ഇതിനായി തെരെഞ്ഞടുക്കുന്നവരെ പഞ്ചായത്ത് തീരുമാനത്തിൻെറ അടിസ്ഥാനത്തിൽ നിശ്ചിത മാതൃകയിൽ കരാർ ചമച്ച് നിയമിക്കണം. താത്കാലിക ജീവനക്കാരുമായി ചമച്ചിട്ടുള്ള കരാർ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല

(3)പഞ്ചായത്ത് ഫണ്ട് കൈകാര്യം ചെയ്യുന്ന (ഫ്രണ്ട് ഓഫീസ് ഉൾപ്പെടെ) സീറ്റുകളിൽ ദിവസ വേതനക്കാരെ നിയമിക്കാവുന്നതല്ല. നിലവിൽ ഇത് തുടരുന്നതായി ഓഡിറ്റ് കണ്ടെത്തി (സ്ഥിരം നിയമിച്ച ജീവനക്കാരുടെ ലോഗിൻ ഉപയോഗിച്ച് തൽകാലിക ജീവനക്കാർ ഫ്രണ്ട് ഓഫീസിൽ ജോലിചെയ്യുന്നതായി കാണുന്നു.)

(4) പഞ്ചായത്തിൽ ജീവനക്കാരുടെ കുറവ് ഉള്ള പക്ഷം നിയമപ്രകാരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ റിപ്പോർട്ട് ചെയ്തതിനുശേഷം മാത്രമേ നേരിട്ട് നിയമിക്കാവൂ. ഇതിൻെറ ഫയൽ ഹാജരാക്കിയിട്ടില്ല.

(5) 179 ദിവസത്തിൽ അധികം തുടർച്ചയായി ഒരു ജിവനക്കാരനെ നിയമിക്കാവുന്നതല്ല. തുടർന്ന് പുതിയ തീരുമാനത്തിൻെറ അടിസ്ഥാനത്തിൽ പുതുക്കി നൽകാവുന്നതാണ്. ഇത്തരത്തിൽ പുതുക്കിയത് സംബന്ധിച്ച് രേഖകൾ ഹാജരാക്കിയിട്ടില്ല.

(6) നിലവിൽ വേക്കൻസി ഇല്ലാതെ തുടർച്ചയായി 12 മാസം ദിവസവേതനത്തിൽ ആളെ നിയമിച്ച് തുക നൽകിയിട്ടുണ്ട്. 4/17 മുതൽ 6/17 വരെ ദിവസ വേതനക്കാരെ നിയമിച്ചത് സംബന്ധിച്ച വിശദവിവരം ചുവടെ

| മാസം | പേര് |
|---|---|
| 4/2017<br>തുടർന്നുള്ള 11 മാസങ്ങളിലും ജീവനക്കാരെ നിയമിച്ച് ആനുകൂല്യം നൽകിയിട്ടുണ്ട് | ശ്രീമതി.പ്രസന്ന –PTS<br>ശ്രീ.വേലായുധൻ(പമ്പ്ഓപ്പറേറ്റർ)<br>ശ്രീ.ഷംസുദ്ധീൻ–(പമ്പ് ഓപ്പറേറ്റർ)<br>ശ്രീ.രാംദാസ്.(പമ്പ് ഓപ്പറേറ്റർ)<br>ശ്രീ.രമേഷ് (മീറ്റർ റീഡർ )<br>ശ്രീമതി.രാജി (ഡാറ്റാ എൻട്രി ഓപ്പറേറ്റർ) |

സർക്കാർ അനുമതി ലഭ്യമാക്കാതെ സർക്കാർ ഉത്തരവിന് വിരുദ്ധമായി ദിവസ വേതനത്തിന് ജീവനക്കാരെ നിയമിച്ചത് ക്രമപ്രകാരമല്ല. നിലവിൽ പഞ്ചായത്തിൽ വിവിധ തസ്തികകളിൽ ഒഴിവ് ഇല്ലാതിരുന്നിട്ടും ജീവനക്കാരെ നിയമിച്ചിട്ടുള്ളതായി രേഖകളിൽ നിന്ന് വ്യക്തമായിട്ടുണ്ട്. സർക്കാർ നിർദ്ദേശം പാലിച്ച് ജീവനക്കാരെ നിയമിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-17 ധനവിനിയോഗ രേഖകൾ ഹാജരാക്കിയില്ല.ചെലവ് തടസ്സപ്പെടുത്തുന്നു

(1)പ്രൊജക്ട് നം–220/18 അടങ്കൽ –86713
ചെലവ് –86713 ബിൽ നം –17/17–18/30.12.17
നിർവ്വഹണം –സെക്രട്ടറി പ്രവൃത്തി –പഞ്ചായത്തിന് കമ്പ്യൂട്ടർ വാങ്ങൽ

(2)പ്രൊജക്ട് നം–41/18 അടങ്കൽ –55460 (പ്ലാൻ )
ചെലവ് –55460/– ബിൽ നം –19/17–18/30.12.17
നിർവ്വഹണം –സെക്രട്ടറി പ്രവൃത്തി –പഞ്ചായത്തിലേക്ക് യു.പി.എസ് വാങ്ങൽ

മേൽ പ്രവൃത്തികളുടെ ധനവിനിയോഗ രേഖകൾ ഹാജരാക്കാൻ എൻക്വയറി നൽകിയെങ്കിലും മറുപടിയോ, രേഖകളോ ഹാജരാക്കിയിട്ടില്ല. തുക തടസ്സപ്പെടുത്തുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ−26/17−18/17.5.19 )

## 3-18 ഇടവിളകൃഷിക്ക് നടീൽ വസ്തുക്കളുടെ വിതരണം-രേഖകൾ ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| വർഷം | 2017-18 |
| പ്രോജക്റ്റ് നമ്പർ | SO36/18 |
| പ്രോജക്ടിന്റെ പേര് | ഇടവിളകൃഷിക്ക് നടീൽ വസ്തുക്കളുടെ വിതരണം |
| സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം | PP/DSC/12/1/13/17 തി.. 27-12-17 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| ബിൽ നമ്പർ/ തീയതി | PB8/17-18 തി. 19-3-18 40500 രൂപ |

തുഞ്ചൻ ഹരിത ഫെഡറേഷൻ ബ്ലോക്ക് ലെവൽ നഴ്സറി പുറത്തൂരിൽ നിന്നും ടിഷ്യൂ കൾച്ചർ മുഖേന വികസിപ്പിച്ചെടുത്ത 1890 വാഴക്കന്നുകൾ വാങ്ങിയിട്ടുണ്ട്. മേൽ പ്രോജക്റ്റ് സംബന്ധിച്ച ഗുണഭോക്തൃ ലിസ്റ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കൂടാതെ വിതരണ രജിസ്റ്റർ ശരിയായ രേഖപ്പെടുത്തലുകൾ വരുത്തി എഴുതി സൂക്ഷിച്ചിട്ടില്ല. രജിസ്റ്റർ കൃഷിഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയതിനാൽ വിതരണത്തിന്റെ സാധുത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. ഇതു സംബന്ധിച്ച് 9/9-5-19 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. 40500 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-19 രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

2017-18 വർഷത്തിൽ പ്രോജക്റ്റ് നമ്പർ 57/18 കൃഷിഭവൻ ഫർണിഷിംഗിനായി തനത് ഫണ്ടിൽ നിന്നും 74500 രൂപ ചെലവഴിച്ചിട്ടുണ്ട്. (ചെക്ക് നമ്പർ-5397101/2-2-2018) മേൽ തുക കൈരളി ബിസിനസ് ഗ്രൂപ്പ് തൃക്കണാപുരത്തിന് കൈമാറിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക ചെലവഴിച്ച് നടത്തിയ പ്രവൃത്തികൾ പരിശോധിക്കാനാവശ്യമായ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയത് അപൂർണ്ണമാണ്. മൂന്ന് വുഡൻ റാക്കുകൾ വാങ്ങിയതായി കാണുന്നു. എന്നാൽ പ്രോജക്റ്റ്, സ്റ്റോക്ക് രജിസ്റ്റർ, മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് തുടങ്ങി ചെലവിന്റെ വിശദാംശങ്ങൾ പരിശോധിക്കാനാവശ്യമായ എല്ലാ രേഖകളും ലഭ്യമാക്കിയില്ല. ഇതു സംബന്ധിച്ച് 10/10-5-19 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. മറുപടി ലഭ്യമാക്കിയില്ല.74500 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-20 മെഡിക്കൽ ഓഫീസർ (അലോപതി) നിർവഹണത്തിലെ/ രേഖകൾ ഹാജരാക്കിയതിലെ അപാകതകൾ

2017-18 സാമ്പത്തിക വർഷം അലോപ്പതി മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ പ്രോജക്ടുകളിൽ/രേഖകൾ ഹാജരാക്കിയതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1 പരിരക്ഷ – മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല

പാലിയേറ്റീവ് പരിചരണത്തിനു വേണ്ടി സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗരേഖയിലെ (സ.ഉ(ആർ.ടി) 3217/15/ത.സ്വ.ഭ.വ തിയതി 29-10-2015) നിർദ്ദേശങ്ങൾ മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തുന്ന പരിരക്ഷയിൽ (പ്രോജക്റ്റ് നമ്പർ S059/18') പാലിച്ചിട്ടില്ല.

1) മാർഗ്ഗരേഖ 2.5 പ്രാഥമിക പാലിയേറ്റീവ് സേവനം ലഭ്യമാക്കേണ്ടവരുടെ രജിസ്ട്രേഷൻ - ഉപ ഭാഗം

2.5.6 പ്രകാരം "' *ഈ ഉത്തരവ് പ്രസിദ്ധീകരിച്ച് 60 ദിവസത്തിനകം നോമിനൽ രജിസ്റ്ററിൽ ഉൾപ്പെട്ടിരിക്കുന്ന* രോഗികളുടെ പേരുവിവരം തദ്ദേശഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്. തുടർന്ന് രജിസ്റ്ററിൽ കാലാകാലങ്ങളിൽ വരുന്ന കൂട്ടിചേർക്കലുകളും ഒഴിവാക്കലുകളും അതാത് സമയത്ത് വെബ്സൈറ്റിലുള്ള ലിസ്റ്റിലും മാറ്റം വരുത്തേണ്ടതാണ്. വെബ്സൈറ്റിൽ ലിസ്റ്റ് പ്രസിദ്ധീകരിക്കാതെ പാലിയേറ്റീവ് കെയർ പ്രോജക്ടിൽ നിന്ന് ഈ ഉത്തരവ് പ്രസിദ്ധീകരിച്ച് 60 ദിവസത്തിനു ശേഷം തുക ചിലവഴിക്കാൻ പാടില്ല." എന്നാൽ നാളിതു വരെ നോമിനൽ രജിസ്റ്ററിൽ ഉൾപ്പെട്ടിരിക്കുന്ന രോഗികളുടെ പേരുവിവരം പുറത്തൂർ ഗ്രാമ പഞ്ചായത്തിന്റെ വെബ്സൈറ്റിൽ http://lsgkerala.in/purathurpanchayat/ പ്രസിദ്ധീകരിച്ചിട്ടില്ല

2) മാർഗ്ഗരേഖ 2.10.8 പ്രകാരം എല്ലാ ചെലവുകളും അതാത് സ്ഥാപനത്തിന്റെ വ്യക്തിയുടെ അക്കൗണ്ടിലേക്ക് നൽകുകയാണ് വേണ്ടത്. യാതൊരു കാരണവശാലും പണമായോ, ചെക്കായോ തുക ചെലവഴിക്കാൻ പാടില്ല. എന്നാൽ സ്റ്റേഷനറി, സർജിക്കൽ ഉപകരണങ്ങൾ, വളണ്ടിയർ പരിശീലനവുമായി ബന്ധപ്പെട്ട ചെലവുകൾ, ഇന്ധന ചെലവുകൾ മുതലായവ അതാത് വ്യക്തികളുടെ / സ്ഥാപനങ്ങളുടെ അക്കൗണ്ടിലേക്ക് മാറ്റേണ്ടതിനു പകരം മെഡിക്കൽ ഓഫീസറുടെ അക്കൗണ്ടിലേക്കാണ് മാറ്റിയിട്ടുള്ളത്. ആയത് ക്രമ പ്രകാരമല്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (3/08.05.2019) പഞ്ചായത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാനുള്ള നടപടികൾ സ്വീകരിക്കുമെന്നും പരിരക്ഷയുമായി ബന്ധപ്പെട്ട ചെലവുകൾ വ്യക്തികളുടെ/ സ്ഥാപനങ്ങളുടെ അക്കൗണ്ടിലേക്ക് മാറ്റുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കുമെന്ന് മെഡിക്കൽ ഓഫീസർ അറിയിച്ചു.

2.<u>സബ്സിഡിയറി രജിസ്റ്റർ, പ്രോജക്ട് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല</u>

സ.ഉ (അ) 177/2006 ധന.തിയ്യതി 12.04.2006 ഖണ്ഡിക 18.3 പ്രകാരം നിർവഹണ ഉദ്യോഗസ്ഥൻ ടി ആർ 7 A ക്യാഷ് ബുക്കിൽ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റേയും പഞ്ചായത്തിൽ നിന്നുള്ള ഫണ്ടിന്റേയും വരവുചെലവു രേഖപ്പെടുത്തണം. കൂടാതെ ത.സ്വ.ഭവ ഫണ്ട് വരവ് ചെലവ് പ്രത്യേകം രേഖപ്പെടുത്തുന്ന സബ്സിഡിയറി രജിസ്റ്റർ (അനുബന്ധം ബി IV), പ്രോജക്ട് രജിസ്റ്റർ (അനുബന്ധം ബി V) എന്നിവയും സൂക്ഷിക്കണം. എന്നാൽ മെഡിക്കൽ ഓഫീസർ പഞ്ചായത്ത് ഫണ്ട് വരവ്-ചെലവ് മാത്രം രേഖപ്പെടുത്തുവാൻ സബ്സിഡിയറി രജിസ്റ്റർ (അനുബന്ധം ബി IV), പ്രോജക്ടുകളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് പ്രോജക്ട് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (3/08.05.2019) സബ്സിഡിയറി രജിസ്റ്റർ (അനുബന്ധം ബി IV), പ്രോജക്ട് രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുമെന്ന് മെഡിക്കൽ ഓഫീസർ അറിയിച്ചു.

3. <u>പൂർത്തീകരണ പത്രം തയ്യാറാക്കിയിട്ടില്ല.</u>

2017-18 വർഷത്തെ പദ്ധതി മാർഗരേഖ ജി.ഒ (എം.എസ്) നം 72/2017 ത.സ്വ.ഭ.വ തിയതി 29.03.2017 ലെ ഖണ്ഡിക 14.8 പ്രകാരം പ്രോജക്ട് നിർവഹണം പൂർത്തിയാകുമ്പോൾ നിർവ്വഹണ ഉദ്യോഗസ്ഥൻ ഒരു പൂർത്തീകരണ പത്രം തയ്യാറാക്കണം. പ്രോജക്ടിന്റെ ഭൗതിക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും പൂർത്തീകരണ റിപ്പോർട്ടിൽ രേഖപ്പെടുത്തണം. മെഡിക്കൽ ഓഫീസർ നിർവ്വഹണം ചെയ്ത 4 പ്രോജക്ടുകളുടെയും പൂർത്തീകരണ പത്രം തയ്യാറാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (3/08.05.2019) പൂർത്തീകരണ പത്രം തയ്യാറാക്കി എത്രയും വേഗം സമർപ്പിക്കുന്നതാണ് എന്ന് മെഡിക്കൽ ഓഫീസർ അറിയിച്ചു. പൂർത്തീകരണ പത്രം തയ്യാറാക്കിയത് റെക്റ്റിഫിക്കേഷൻ റിപ്പോർട്ടിനോട് കൂടെ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്

4. <u>വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് കമ്മിറ്റിയായി പ്രവർത്തിച്ചിട്ടില്ല.</u>

പദ്ധതി രൂപീകരണ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതും,

യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കേണ്ടതുമാണ്. പ്രോജക്ടിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (3/08.05.2019) ഭാവിയിൽ ഈ വിഷയത്തിൽ അതീവ ശ്രദ്ധയും ജാഗ്രതയും പുലർത്തുന്നതാണെന്ന് മെഡിക്കൽ ഓഫീസർ അറിയിച്ചു.

## 3-21 പരിരക്ഷാ പദ്ധതിക്കാവശ്യമായ മരുന്നുകൾ പൂർണമായും ലഭ്യമായില്ല

പരിരക്ഷാ പദ്ധതിയുമായി ബന്ധപ്പെട്ട് മരുന്നുകൾ വാങ്ങുന്നതിനായി താഴെപ്പറയും പ്രകാരം തുക ട്രഷറി മുഖേന നേരിട്ട് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ, തിരുവനന്തപുരത്തിന് നൽകിയിട്ടുണ്ട്. എന്നാൽ നാളിതു വരെ മരുന്നുകൾ പൂർണമായും ലഭിച്ചിട്ടില്ല. തുക ചെലവഴിച്ചതിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് നമ്പർ, പേര് | ചെലവ് തുക (പ്രഫോർമ ഇൻവോയിസ് പ്രകാരം) | ചെക്ക് നമ്പർ/തിയ്യതി |
|---|---|---|
| (SOO59/18 )<br>പരിരക്ഷ | ₹ 1,30,000 | 5397102 തിയതി 16-02-2018<br>₹ 1,30,000 |

എന്നാൽ നാളിതു വരെ 4 ഗഡുകളായി 93071 രൂപക്കുള്ള മരുന്നുകൾ മാത്രമേ കാരുണ്യ മെഡിസിൻ ഡിപ്പോയിൽ നിന്ന് ലഭിച്ചിട്ടുള്ളൂ. വിശദവിവരം താഴെ കൊടുക്കുന്നു.

| ഇൻവോയിസ് നമ്പർ / തിയതി | തുക |
|---|---|
| 1564 തിയതി : 14.11.2018 | 8054 |
| 12197 തിയതി : 09.11.2018 | 22007 |
| 14541 തിയതി : 20.12.2018 | 61710 |
| 2149 തിയതി : 20.12.2018 | 1300 |
| ആകെ | 93071 |

അവശേഷിക്കുന്ന 36929 രൂപക്കുള്ള (130000−93071) മരുന്നുകൾ കൂടി ലഭ്യമാക്കുന്നതിന് വരെ തുക 36929 തടസ്സം ചെയ്യുന്നു.

## 3-22 പഞ്ചായത്തിലെ ഹോമിയോ ഡിസ്പെൻസറിയിൽ ആശുപത്രി മാനേജിംഗ് കമ്മിറ്റി രൂപീകരിക്കാത്തത് സർക്കാർ ഉത്തരവിന് വിരുദ്ധം

HMC വരവ്- ചെലവ് കണക്കുകൾ സമയബന്ധിതമായി ഓഡിറ്റിന് സമർപ്പിക്കാത്തതിനെ സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (6/08.05.2019) ഡിസ്പെൻസറിയിൽ HMC രൂപീകരിച്ചിട്ടില്ല എന്നും ഫണ്ട് പിരിവ് ഇല്ല എന്നുമാണ് മറുപടിയായി ഹോമിയോ മെഡിക്കൽ ഓഫീസർ അറിയിച്ചത്. മറുപടി ഓഡിറ്റ് അംഗീകരിക്കുന്നില്ല. സ.ഉ (എം.എസ്) നം 79/2007 ത.സ്വ.ഭ.വ തിയതി 14.03.2007 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറി കിട്ടിയ എല്ലാ ഡിസ്പെൻസറികളിലും ആശുപത്രികളിലും HMC രൂപീകരിക്കാൻ ഉത്തരവ് ഇറക്കിയിട്ടുണ്ട്. സ.ഉ (സാധാ) 3379/2004 എച്ച്&എഫ്ഡബ്ല്യൂഡി തിയതി 03.12.2004 പ്രകാരം സർക്കാർ ആശുപത്രികളിലെ HMC കളുടെ

ഓഡിറ്റ് സംസ്ഥാന ഓഡിറ്റ് വകുപ്പിനെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്.
2010 ലെ കേരള പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റി) ചട്ടങ്ങളിലെ ചട്ടം 6(1) പ്രകാരം പൊതു ജനാരോഗ്യ സ്ഥാപനത്തിലെ ഭൗതിക സൗകര്യങ്ങളും ചികിത്സാ സൗകര്യങ്ങളും സേവനങ്ങളും മെച്ചപ്പെടുത്തുന്നതിനും, യന്ത്രസാമഗ്രികൾ, ചികിത്സക്കാവശ്യമായ മരുന്നുകൾ, ഉപകരണങ്ങൾ, മറ്റ് സാധന സാമഗ്രികൾ വാങ്ങുന്നതിനും ശുചീകരണ പ്രവർത്തനങ്ങൾ, മാലിന്യ നിർമാർജ്ജനം, ശുദ്ധജല വിതരണം, വൈദ്യുതി വിതരണം എന്നിവ കാര്യക്ഷമമാക്കുന്നതിനും, രോഗ നിർണ്ണയ – ചികിത്സാ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനും, സർവ്വോപരി പൊതുജനാരോഗ്യ കേന്ദ്രത്തിന്റെ വികസനത്തിനും വേണ്ടി മാനേജിംഗ് കമ്മിറ്റി "ആശുപത്രി വികസന ഫണ്ട് " എന്ന പേരിൽ ഒരു ഫണ്ട് രൂപീകരിക്കേണ്ടതാണ്. എന്നാൽ മാനേജിംഗ് കമ്മിറ്റി രൂപീകരിക്കാത്തതിനാൽ "ആശുപത്രി വികസന ഫണ്ട് " ഇല്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

ആയതിനാൽ സ.ഉ (എം.എസ്) നം 79/2007 ത.സ്വ.ഭ.വ തിയതി 14.03.2007 പ്രകാരം HMC രൂപീകരിച്ച് ആശുപത്രി വികസന ഫണ്ട് രൂപീകരിക്കുന്നതിന്റെ ഭാഗമായി നിർബന്ധിത പിരിവ് കൂടാതെ ഒ.പി ടിക്കറ്റ് ഇനത്തിൽ ഒരു നിശ്ചിത സംഖ്യ ഒരു നിശ്ചിത തിയതി മുതൽ ഈടാക്കാനുള്ള തീരുമാനം മാനേജിംഗ് കമ്മിറ്റിയുടെ ആദ്യ യോഗത്തിൽ തന്നെ എടുക്കേണ്ടതും ആയത് പൊതു ജനങ്ങളുടെ അറിവിലേക്ക് നോട്ടീസ് ബോർഡിലും മറ്റ് പ്രധാന ഇടങ്ങളിലും പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. ആശുപത്രി വികസന ഫണ്ടിലേക്ക് ലഭിക്കുന്ന ഏതൊരു സംഭാവനകും അച്ചടിച്ച നമ്പറിട്ട ഫോറത്തിൽ കാർബൺ പേപ്പറോട് കൂടിയ രസീതി നൽകേണ്ടതും (2010 ലെ കേരള പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റി) ചട്ടങ്ങളിലെ ചട്ടം 6(4)) ആശുപത്രി വികസന ഫണ്ട് സൂക്ഷിക്കുന്നതിന് സ്ഥാപനത്തിന് തൊട്ടടുത്തുള്ള ദേശസാൽകൃത ബാങ്കിൽ ചെയർപേഴ്സന്റേയും മെമ്പർ സെക്രട്ടറിയുടേയും പേരിൽ സംയുക്ത ബാങ്ക് അക്കൗണ്ട് ആരംഭിക്കേണ്ടതുമാണ് (ചട്ടം 6(5)). ഓരോ വർഷാവസാനവും സ്ഥാപനത്തിന്റെ വരവ്-ചെലവ് കണക്കുകൾ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ് (ചട്ടം 9(1)). തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-23 ICDS സൂപ്പർവൈസർ നിർവഹണം നടത്തിയ പ്രോജക്ടിലെ / രേഖകൾ ഹാജരാക്കിയതിലെ അപാകതകൾ

2017-18 സാമ്പത്തിക വർഷം ICDS സൂപ്പർവൈസർ നിർവഹണം നടത്തിയ പ്രോജക്ടുകളിൽ/രേഖകൾ ഹാജരാക്കിയതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1.ന്യൂട്രിമിക്സ് സാമ്പിളുകൾ ലാബ് പരിശോധന നടത്തിയിട്ടില്ല

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണം നടത്തിയ അംഗൻവാടി പോഷകാഹാര (പ്രോജക്ട് നം.S0032/18) പദ്ധതിയുടെ ഭാഗമായി 6 മാസം മുതൽ 3 വയസു വരെ പ്രായമുള്ള കുട്ടികൾക്ക് ന്യൂട്രിമിക്സ് ഭക്ഷ്യമിശ്രിതം വിതരണം ചെയ്തിട്ടുണ്ട്. പെരുമ്പടപ്പ് ഗ്രാമ പഞ്ചായത്ത്- കുടുംബശ്രീയുടെ ചൈതന്യം അമൃതം ന്യൂട്രിമിക്സ് യൂണിറ്റിൽ നിന്നാണ് അമൃതം ന്യൂട്രിമിക്സ് വാങ്ങിയിട്ടുള്ളത്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്ര.ന | തൂക്കം (കി.ഗ്രാം) | വില | ട്രാൻസ്പോർട്ടേഷൻ ചാർജ് | ആകെ | ബിൽ / ചെക്ക് നമ്പർ /തിയതി |
|---|---|---|---|---|---|
| 1 | 2250 | 157500 (2250x70) | 1125 (2250x.5) | 158625 | 1/2017-18 തിയതി 31.07.17 |

| | | | | | |
|---|---|---|---|---|---|
| 2 | 2125 | 148750 (2125x70) | 1062.5 (2125x.5) | 149812.5 | 2/2017-18 തിയതി 26.09.17 |
| 3 | 2650 | 185500 (2650x70) | 1325 (2650x.5) | 186825 | 3/2017-18 തിയതി 13.10.17 |
| 4 | 2305 | 161350 (2305x70) | 1152.5 (2305x.5) | 162502.5 | 5/2017-18 തിയതി 10.11.17 |
| 5 | 2430 | 170100 (2430x70) | 1215 (2430x.5) | 345802 | 7/ 2017-18 തിയതി 12.01.18 |
| | 2475 | 173250 (2475x70) | 1237.5 (2475x.5) | | |
| 6 | 2375 | 166250 (2375x70) | 1187.5 (2375x.5) | 167437.5 | 2535202 തിയതി 26.03.18 |
| ആകെ | 2250 കി.ഗ്രാം | | | 1171004.5 | |

ന്യൂട്രിമിക്സ് സാമ്പിളുകൾ രണ്ട് മാസത്തിലൊരിക്കൽ വീതം ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനക്ക് വിധേയമാക്കാനും ഓരോ കുടുംബശ്രീ യൂണിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്ഷന്റെയും സാമ്പിൾ ശേഖരിച്ച് പരിശോധനക്ക് വിധേയമാക്കാനും സാമൂഹ്യ ക്ഷേമ ഡയറക്ടറുടെ 05.06.10 ലെ ഐ.സി.ഡി.എസ് ബി 3-312/2010 നമ്പർ കത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം പരിശോധനകൾ 2017-18 വർഷത്തിൽ നടത്തിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. ഭക്ഷ്യമിശ്രിതത്തിന്റെ ഗുണമേൻമ വിലയിരുത്താതെ വിതരണം ചെയ്തത് ഓഡിറ്റ് ഗൗരവത്തോടെ കാണുന്നു. യഥാസമയങ്ങളിൽ ഫുഡ് ടെസ്റ്റ് നടത്താത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (08/09.05.2019) ലാബ് പരിശോധനക്ക് അയച്ചിട്ടുണ്ടെന്നും റിസൾട്ട് വരുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണ് എന്നും മറുപടിയായി അറിയിച്ചു.

2. പൂർത്തീകരണ പത്രം തയ്യാറാക്കിയിട്ടില്ല.

2017-18 വർഷത്തെ പദ്ധതി മാർഗരേഖ ജി.ഒ (എം.എസ്) നം 72/2017 ത.സ്വ.ഭ.വ തിയതി 29.03.2017 ലെ ഖണ്ഡിക 14.8 പ്രകാരം പ്രോജക്ട് നിർവഹണം പൂർത്തിയാകുമ്പോൾ നിർവഹണ ഉദ്യോഗസ്ഥൻ ഒരു പൂർത്തീകരണ പത്രം തയ്യാറാക്കണം. പ്രോജക്ടിന്റെ ഭൗതിക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും പൂർത്തീകരണ റിപ്പോർട്ടിൽ രേഖപ്പെടുത്തണം. ICDS സൂപ്പർവൈസർ നിർവഹണം ചെയ്ത 2 പ്രോജക്ടുകളുടെയും പൂർത്തീകരണ പത്രം തയ്യാറാക്കിയിട്ടില്ല. പൂർത്തീകരണ പത്രം തയ്യാറാക്കി പരിശോധനക്ക് ഹാജരാക്കേണ്ടതാണ്

3. വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് കമ്മിറ്റിയായി പ്രവർത്തിച്ചിട്ടില്ല.

പദ്ധതി രൂപീകരണ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതും യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കേണ്ടതുമാണ്. പ്രോജക്ടിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കിയിട്ടില്ല.

അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-24 ആദായനികുതി ഈടാക്കിയില്ല; കരാറുകാർക്ക് തുക അധികം നൽകിയതിനാൽ 49264 രൂപയുടെ നഷ്ടം സംഭവിച്ചു.

2017-18 സാമ്പത്തിക വർഷം അസി.സെക്രട്ടറി നിർവഹണം നടത്തിയ താഴെ പറയുന്ന പ്രോജക്ടുകളിൽ ആദായ നികുതി ഈടാക്കിയില്ല

1.പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങൽ

പ്രോജക്ട് നമ്പർ : S0056/18 അടങ്കൽ : 170,000 (പ്ലാൻ – എസ്.സി.പി)
ചെലവ് : 1,63,760 ബിൽ നമ്പർ : 25/2017-18 തിയതി 17.03.2018

8,9,10 ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ യാത്രാ സൗകര്യം മെച്ചപ്പെടുത്തുന്നതിനായി 44 പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകുന്നതിനാണ് (3864 രൂപ/യൂണിറ്റ് ) പദ്ധതി വിഭാവനം ചെയ്തത്. പ്രോജക്ടിന് വികസന ഫണ്ട്-എസ്.സി.പി 170,000 രൂപയാണ് വകയിരുത്തിയിട്ടുള്ളത്.
സഫാരി സൈക്കിൾ എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ച് വാങ്ങൽ നടത്തുകയും, ആയതിന്റെ വിലയിനത്തിൽ താഴെ പറയും പ്രകാരം തുക നൽകുകയും ചെയ്തിട്ടുണ്ട്. സഫാരി സൈക്കിൾസ് 2 ഇൻവോയ്സ് പ്രകാരമാണ് സൈക്കിളുകൾ വിതരണം ചെയ്തിട്ടുള്ളത്.

സഫാരി സൈക്കിൾസ്

ബില്ല് - 1

| തിയതി : 23.03.2018 | | | ഇൻവോയ്സ് സീരിയൽ നമ്പർ :C00682 | | | | |
|---|---|---|---|---|---|---|---|
| ക്ര.ന | ഇനം | എണ്ണം | യൂണിറ്റ് പ്രൈസ് | ആകെ | CGST 6% | SGST 6% | ആകെ |
| 1 | Hero Sprint Mig 26T RS | 13 | 3321.43 | 43178.59 | 2590.72 | 2590.72 | 48360.03 |
| 2 | Hero MI Velvet 26 T | 12 | 3491.08 | 41892.96 | 2513.58 | 2513.58 | 46920.12 |
| | ആകെ | | | 85071.55 | 5104.3 | 5104.3 | 95280.15 |

ബില്ല് - 2

| തിയതി : 23.03.2018 | | | | ഇൻവോയ്സ് സീരിയൽ നമ്പർ :C00683 | | | |
|---|---|---|---|---|---|---|---|
| ക്ര.ന | ഇനം | എണ്ണം | യൂണിറ്റ് പ്രൈസ് | ആകെ | CGST 6% | SGST 6% | ആകെ |
| 1 | Hero Sprint Mig 26T RS | 10 | 3321.43 | 33214.3 | 1992.86 | 1992.86 | 37200.02 |

| | | | | | | | |
|---|---|---|---|---|---|---|---|
| 2 | Hero MI Velvet 26 T | 8 | 3491.08 | 27928.64 | 1675.72 | 1675.72 | 31280.08 |
| | ആകെ | | | 61142.94 | 3668.58 | 3668.58 | 68480.1 |

എന്നാൽ ടി സ്ഥാപനത്തിൽ നിന്നും ആദായ നികുതി ഈടാക്കിയിട്ടില്ല. കേന്ദ്ര ആദായനികുതി നിയമത്തിലെ 194 സി വകുപ്പ് പ്രകാരം 30000/- രൂപയ്ക്ക് മേലുള്ള കരാർ പ്രവർത്തികൾക്ക് ബില്ലിൽ TAN/PAN നമ്പർ രേഖപ്പെടുത്തിയിട്ടില്ലാത്ത പക്ഷം, വ്യക്തികളാണെങ്കിൽ ഒരു ശതമാനവും, സ്ഥാപനമാണെങ്കിൽ രണ്ട് ശതമാനവും ആദായ നികുതി ഈടാക്കേണ്ടതാണ്. അതിൻപ്രകാരം ബില്ലിൽ TAN/PAN നമ്പർ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ടി സ്ഥാപനത്തിൽ നിന്നും 2924/-രൂപ (85071.55 + 61142.94 = 146214.49 x 2%) ഈടാക്കേണ്ടതായിരുന്നു. എന്നാൽ ബില്ലിൽ നിന്നും തുകയൊന്നുംതന്നെ ഈടാക്കിയിട്ടില്ല.

2.പട്ടികജാതി വൃദ്ധജനങ്ങൾക്ക് കട്ടിൽ

പ്രോജക്ട് നമ്പർ : S0141/18 അടങ്കൽ : 16,45,000 (പ്ലാൻ – എസ്.സി.പി)
ചെലവ് : 10,09,287 ബിൽ നമ്പർ : 34/2017-18 തിയതി 31.03.2018 ₹4,83,375
ബിൽ നമ്പർ : 35/2017-18 തിയതി 31.03.2018 ₹5,25,912

പഞ്ചായത്തിലെ പട്ടികജാതിയിൽപ്പെട്ട വയോജനങ്ങൾക്ക് കട്ടിൽ (378 എണ്ണം) വാങ്ങി നൽകി ജീവിത സാഹചര്യം മെച്ചപ്പെടുത്തുന്നതിനാണ് (4350 രൂപ/യൂണിറ്റ്) പദ്ധതി വിഭാവനം ചെയ്തത്. പ്രോജക്ടിന് വികസന ഫണ്ട്-എസ്.സി.പി 16,45,000 രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

06.02.2018 ലെ ഭരണ സമിതി പി.പി.2/1/44/2018 നമ്പർ തീരുമാന പ്രകാരം 3867 രൂപ നിരക്കൽ 261 കട്ടിലുകൾ സപ്ലൈ ചെയ്യുന്നതിന് രാജധാനി ഏജൻസീസ് പ്രൊപ്രൈറ്റർക്ക് 26.02.2018 ന് സപ്ലൈ ഓർഡർ നൽകിയിട്ടുണ്ട്. രാജധാനി ഏജൻസീസ് എന്ന സ്ഥാപനത്തിന് താഴെ പറയും പ്രകാരം തുക നൽകുകയും ചെയ്തിട്ടുണ്ട്. രാജധാനി ഏജൻസീസ് 3 ഇൻവോയ്സ് പ്രകാരമാണ് കട്ടിലുകൾ വിതരണം ചെയ്തിട്ടുള്ളത്.

രാജധാനി ഏജൻസീസ്

ബില്ല് - 1

| തിയതി : 28.03.2018 | | | | ഇൻവോയ്സ് നമ്പർ : A122 | | | |
|---|---|---|---|---|---|---|---|
| ക്ര.ന | ഇനം | എണ്ണം | യൂണിറ്റ് പ്രൈസ് | ആകെ | CGST 9% | SGST 9% | ആകെ |
| 1 | Wooden Cot made of Anjili Wood & Plywood Size 198CM Length X90 CM Width | 125 | 3277.12 | 409640 | 36867.60 | 36867.60 | 483375 |

ബില്ല് - 2

| തിയതി : 29.03.2018 | ഇൻവോയ്സ് നമ്പർ : A125 |
|---|---|

| ക്രം.ന | ഇനം | എണ്ണം | യൂണിറ്റ് പ്രൈസ് | ആകെ | CGST 9% | SGST 9% | ആകെ |
|---|---|---|---|---|---|---|---|
| 1 | Wooden Cot made of Anjili Wood & Plywood Size 198CM Length X90 CM Width | 80 | 3277.12 | 262169.60 | 23,595.26 | 23,595.26 | 3,09,360 |

ബില്ല് - 3

| തിയതി : 29.03.2018 | | | ഇൻവോയ്സ് നമ്പർ : A126 | | | | |
|---|---|---|---|---|---|---|---|
| ക്രം.ന | ഇനം | എണ്ണം | യൂണിറ്റ് പ്രൈസ് | ആകെ | CGST 9% | SGST 9% | ആകെ |
| 1 | Wooden Cot made of Anjili Wood & Plywood Size 198CM Length X90 CM Width | 56 | 3277.12 | 183518.72 | 16516.68 | 16516.68 | 2,16,552 |

എന്നാൽ ടി സ്ഥാപനത്തിൽ നിന്നും ആദായ നികുതി ഈടാക്കിയിട്ടില്ല. കേന്ദ്ര ആദായനികുതി നിയമത്തിലെ 194 സി വകുപ്പ് പ്രകാരം 30000/- രൂപയ്ക്കു മേലുള്ള കരാർ പ്രവർത്തികൾക്ക് ബില്ലിൽ TAN/PAN നമ്പർ രേഖപ്പെടുത്തിയിട്ടില്ലാത്ത പക്ഷം, വ്യക്തികളാണെങ്കിൽ ഒരു ശതമാനവും, സ്ഥാപനമാണെങ്കിൽ രണ്ട് ശതമാനവും ആദായ നികുതി ഈടാക്കേണ്ടതാണ്. അതിൻ പ്രകാരം ബില്ലിൽ TAN/PAN നമ്പർ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ടി സ്ഥാപനത്തിൽ നിന്നും 17106/-രൂപ (183518.72+262169.60+409640 = 855327 x 2%) ഈടാക്കേണ്ടതായിരുന്നു. എന്നാൽ ബില്ലിൽ നിന്നും തുകയൊന്നുംതന്നെ ഈടാക്കിയിട്ടില്ല.

3.എസ്.സി കുടുംബങ്ങൾക്ക് പി.വി.സി വാട്ടർ ടാങ്ക് വിതരണം

പ്രോജക്ട് നമ്പർ : S0214/18 അടങ്കൽ : 4,00,000 (പ്ലാൻ – എസ്.സി.പി ₹ 300000, ഗുണഭോക്തൃ വിഹിതം 100,000)

ചെലവ് : 3,99,855 ബിൽ നമ്പർ : 32/2017-18 തിയതി 28.03.2018 ₹ 2,99,891

ടി.എസ്.ബി ചെക്ക് നമ്പർ : 2535209 തിയതി 31.03.2018 ₹ 99,964

ശുദ്ധജല ലഭ്യതയ്ക്കായി 100 എസ്.സി കുടുംബങ്ങൾക്ക് 500 ലിറ്റർ കപ്പാസിറ്റിയുള്ള പി.വി.സി വാട്ടർ ടാങ്ക് വാങ്ങി നൽകുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. പ്രോജക്ടിന് വികസന ഫണ്ട്-എസ്.സി.പി 3,00,000 രൂപയും ഗുണഭോക്തൃ വിഹിതം 100,000 കൂടി ആകെ 4,00,000 മാണ് വകയിരുത്തിയിട്ടുള്ളത്.

08.12.2017 ലെ ഭരണ സമിതി പി.പി.22/1/305/2017 നമ്പർ തീരുമാന പ്രകാരം 2984 രൂപ ക്വാട്ട് ചെയ്ത പി.വി.എസ് ടാങ്ക് 134 എണ്ണം വിതരണം ചെയ്യുന്നതിന് രാജധാനി ഏജൻസീസ് പ്രൊപ്രൈറ്റർക്ക് 26.12.2018

ന് സപ്ലൈ ഓർഡർ നൽകിയിട്ടുണ്ട്. രാജധാനി ഏജൻസീസ് എന്ന സ്ഥാപനത്തിന് താഴെ പറയും പ്രകാരം തുക നൽകുകയും ചെയ്തിട്ടുണ്ട്. രാജധാനി ഏജൻസീസിന് താഴെ പറയുന്ന ഇൻവോയ്സ് പ്രകാരമാണ് പണം നൽകിയത്

രാജധാനി ഏജൻസീസ്‌ – ബില്ല് - 1

| തിയതി : 24.03.2018 | | | ഇൻവോയ്സ് നമ്പർ : A95 | | | | |
|---|---|---|---|---|---|---|---|
| ക്ര.ന | ഇനം | എണ്ണം | യൂണിറ്റ് പ്രൈസ് | ആകെ | CGST 9% | SGST 9% | ആകെ |
| 1 | Water Tank 500 Ltrs Capacity | 134 | 2528.81 | 338860.54 | 30497.45 | 30497.45 | 399855 |

എന്നാൽ ടി സ്ഥാപനത്തിൽ നിന്നും ആദായ നികുതി ഈടാക്കിയിട്ടില്ല. കേന്ദ്ര ആദായനികുതി നിയമത്തിലെ 194 സി വകുപ്പ് പ്രകാരം 30000/- രൂപയ്ക്ക് മേലുള്ള കരാർ പ്രവർത്തികൾക്ക് ബില്ലിൽ TAN/PAN നമ്പർ രേഖപ്പെടുത്തിയിട്ടില്ലാത്ത പക്ഷം, വ്യക്തികളാണെങ്കിൽ ഒരു ശതമാനവും, സ്ഥാപനമാണെങ്കിൽ രണ്ട് ശതമാനവും ആദായ നികുതി ഈടാക്കേണ്ടതാണ്. അതിൻ പ്രകാരം ബില്ലിൽ TAN/PAN നമ്പർ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ടി സ്ഥാപനത്തിൽ നിന്നും 6777/-രൂപ (338860 x 2%) ഈടാക്കേണ്ടതായിരുന്നു. എന്നാൽ ബില്ലിൽ നിന്നും തുകയൊന്നുംതന്നെ ഈടാക്കിയിട്ടില്ല.

4.എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്

പ്രോജക്ട് നമ്പർ : S0061/18 അടങ്കൽ : 13,25,000 (പ്ലാൻ – എസ്.സി.പി )
ചെലവ് : 13,24,963 ബിൽ നമ്പർ : 22/2017-18 തിയതി 17.03.2018 ₹ 13,24,963

06.02.2018 ലെ ഭരണ സമിതി പി.പി.2/1/44/2018 നമ്പർ തീരുമാന പ്രകാരം 22457 രൂപ നിരക്കൽ 50 കംപ്യൂട്ടറുകൾ സപ്ലൈ ചെയ്യുന്നതിന് രാജധാനി ഏജൻസീസ് പ്രൊപ്രൈറ്റർ ക്ക് 26.02.2018 ന് സപ്ലൈ ഓർഡർ നൽകിയിട്ടുണ്ട്. ചിപ്സെറ്റ് കംപ്യൂട്ടേഴ്സ് സിസ്റ്റംസ് ആന്റ് സർവീസസ് എന്ന സ്ഥാപനത്തിന് താഴെ പറയുന്ന ഇൻവോയ്സ് പ്രകാരം തുക നൽകുകയും ചെയ്തിട്ടുണ്ട്.

ചിപ്സെറ്റ് കംപ്യൂട്ടേഴ്സ് സിസ്റ്റംസ് ആന്റ് സർവീസസ്

| തിയതി : 06.03.2018 ഇൻവോയ്സ് നമ്പർ : L0032 | | | | | | | |
|---|---|---|---|---|---|---|---|
| ക്ര.ന | ഇനം | എണ്ണം | യൂണിറ്റ് പ്രൈസ് | ആകെ | CGST 9% | SGST 9% | ആകെ |
| 1 | LAPTOP ACER | 50 | 21507 | 1075350 | 96781.5 | 96781.5 | 1268913 |
| 2 | Carry Bag Acer | 50 | 500 | 25000 | 2250 | 2250 | 29500 |
| 3 | Mouse prodot USB | 50 | 450 | 22500 | 2025 | 2025 | 26550 |
| | | | | 1122850 | 101056.5 | 101056.5 | 1324963 |

എന്നാൽ ടി സ്ഥാപനത്തിൽ നിന്നും ആദായ നികുതി ഈടാക്കിയിട്ടില്ല. കേന്ദ്ര ആദായനികുതി നിയമത്തിലെ

194 സി വകുപ്പ് പ്രകാരം 30000/- രൂപയ്ക്ക് മേലുള്ള കരാർ പ്രവർത്തികൾക്ക് ബില്ലിൽ TAN/PAN നമ്പർ രേഖപ്പെടുത്തിയിട്ടില്ലാത്ത പക്ഷം, വ്യക്തികളാണെങ്കിൽ ഒരു ശതമാനവും, സ്ഥാപനമാണെങ്കിൽ രണ്ട് ശതമാനവും ആദായ നികുതി ഈടാക്കേണ്ടതാണ്. അതിൻ പ്രകാരം ബില്ലിൽ TAN/PAN നമ്പർ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ടി സ്ഥാപനത്തിൽ നിന്നും 22457/-രൂപ (1122850x 2%) ഈടാക്കേണ്ടതായിരുന്നു. എന്നാൽ ബില്ലിൽ നിന്നും തുകയൊന്നുംതന്നെ ഈടാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/16.05.2019) സപ്ലെയർ എന്ന കാറ്റഗറിയിൽ വിതരണം നടത്തിയതിനാൽ ആണ് ടി സ്ഥാപനത്തിൽ നിന്ന് വരുമാന നികുതി ഈടാക്കാതെയിരുന്നതെന്ന് അസി.സെക്രട്ടറി മറുപടി നൽകി. മറുപടി ഓഡിറ്റ് അംഗീകരിക്കുന്നില്ല. ടി സാഹചര്യത്തിൽ 49264 (2924+17106+6777+22457) രൂപ നിർവഹണ ഉദ്യോഗസ്ഥയുടെ ബാധ്യതയായി ചുമത്തുന്നു. ടി തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കി ആദായ നികുതി വകുപ്പിൽ ഒടുക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജെക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 450000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (17/18) | 449000 | 1000 |
| | 2017-18 | 276250 | നെൽക്കൃഷിക്ക് കൂലിച്ചെലവ് (33/18) | 276250 | 0 |
| | 2017-18 | 400000 | പരിരക്ഷാ പദ്ധതി (59/18) | 400000 | 0 |
| | 2017-18 | 50000 | പാലിന് സബ്സിഡി | 37666 | 12334 |
| | 2017-18 | 800000 | ഗാർഹിക കുടിവെള്ള കണക്ഷൻ | - | 800000 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 450000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് (17/18) | 447700 | 2300 |
| | 2017-18 | 276250 | നെൽക്കൃഷിക്ക് കൂലിച്ചെലവ് (33/18) | 276250 | 0 |
| | 2017-18 | 1400000 | ഭവന നിർമ്മാണം ജനറൽ | 0 | 1400000 |

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നമ്പർ,തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഹൗസിംഗ് | 953/2010 തിയ്യതി 19.3.10 | 10740000 | 600469 | 0 | 0 | 600469 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 2218328 |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ) | 226352 |
| ആകെ | 2444680 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 2444680 |

2017-18 വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം

| നിക്ഷപത്തിന്റെ വിവരം | തുക | രശീതിനമ്പർ |
|---|---|---|
| പുറത്തൂർ സർവ്വീസ് സഹകരണബാങ്ക് | 106888 | 41702157/31-3-18 |
| തിരൂർ അർബൻ കോ ഓപ്പറേറ്റിവ് ബാങ്ക് | 119464 | 41702158/31-3-08 |
| ആകെ | 2444680 | |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 10104 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു. ഓഡിറ്റ് റിക്കവറി രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല. ഓഡിറ്റ് റിക്കവറി വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. ശ്രീ രവീന്ദ്രൻ സെക്രട്ടറി രശീതി നമ്പർ 117060500026/20-3-18 പ്രകാരം 18642 രൂപ അടവാക്കിയെങ്കിലും വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1982-83 | 11(b) | 74 | സെക്രട്ടറി പുറത്തൂർ ഗ്രാമപഞ്ചായത്ത് | 11760110190/ 15.03.18 |
| 2016-17 | 2(1)b | 1250 | അബ്ദുൾ കരീം ഓവർസിയർ എൽഎസ് ജി ഡി | 117060108356/ 06.01.18 |
| 2016-17 | 2(1)b | 4560 | മെഡിക്കൽ ഓഫീസർ ആയുഷ് പി എച്ച്സി | 117060108721/ 23.01.18 |
| 2016-17 | 2(1) | 4200 | ബിആർസി എസ്എസ്എ പുറത്തൂർ | 11760109408/ 17.02.18 |
| 2017-18 | രശീതി നമ്പർ 24604/56, 57 പ്രകാരം കുറവു വന്ന തുക അടവാക്കിയത് | 20 | അസി.എഞ്ചിനീയർ എൽ എസ് ജി ഡി പുറത്തൂർ | 11760105507/ 09.10.17 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ

ഗ്രാമ പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 9 | 2004-05 | 3.10.1(iii) പൊതു പരാമർശങ്ങൾ | മുൻകൂർ ക്രമീകരിച്ചില്ല | നടപടി തുടരുന്നു |
| 2014-15 | 2(3) | 2016-17 | അനുബന്ധം-4 | തൊഴിൽ നികുതി | നടപടി തുടരുന്നു |
| 2015-16 | 2(1), 2(2), 2(3), 2(4) | 2016-17 | അനുബന്ധം-5 | തൊഴിൽ നികുതി | നടപടി തുടരുന്നു |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

| ക്രമ | റിപ്പോർട്ട് | ഖണ്ഡിക | ഉത്തരവാദിയായ | ചാർജ്ജ് /സർ ചാർജ്ജ് | ഇപ്പോഴത്തെ |
|---|---|---|---|---|---|

| നമ്പർ | വർഷം | നമ്പർ | വ്യക്തി | സർട്ടിഫിക്കറ്റ് | | അവസ്ഥ |
|---|---|---|---|---|---|---|
| | | | | നമ്പറും തിയതിയും | തുക | |
| 1 | 2000-01 | 4,5 | മുഹമ്മദലി | LF 20107/spl.cell /sc5/05 05.08.08 | 34853 | അടവാക്കിയിട്ടില്ല. |
| 2 | 2008-09 | 3-10(2) | ഇ.ടി രാജപ്പൻ | LF 17120/spl.cell /CSC/D1/19.04.16 | 10157 | അടവാക്കി |

## **4-9** ഓഡിറ്റ് പ്രത്യവലോകനം

എ)സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 99499760.77 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 102871339 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 203482 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4938016 |

ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ<br>പേരും ഉദ്യോഗപേരും |
|---|---|---|
| 3-1 | 65337 | ശ്രീമതി.ജിൻസി ഐ,അസി.എഞ്ചിനീയർ |
| 3-2 | 80842 | 18461/-ശ്രീമതി.അജിത എൽ, അസി.എഞ്ചിനീയർ<br>16000/-ശ്രീ.രാജീവ് പി ഡി, അസി.എഞ്ചിനീയർ<br>46381/-ശ്രീമതി.ജിൻസി ഐ, അസി.എഞ്ചിനീയർ |
| 3-10 | 1086 | ശ്രീമതി.അജിത എൽ, അസി.എഞ്ചിനീയർ |
| 3−14 | 6953 | ശ്രീ.അബുഫൈസൽ, സെക്രട്ടറി |
| 3-24 | 49264 | ശ്രീമതി.റീന എഎം, അസി.സെക്രട്ടറി |
| | 203482/− | |

സി)ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപേരും |
|---|---|---|
| 3-3 | 350000 | ശ്രീ.അബുഫൈസൽ, സെക്രട്ടറി |
| 3-4 | 25236 | ശ്രീ.രാജീവ് പി ഡി, അസി.എഞ്ചിനീയർ |
| 3-6 | 299522 | ശ്രീ.രാജീവ് പി ഡി, അസി.എഞ്ചിനീയർ |
| 3-11 | 475992 | ശ്രീ.അബുഫൈസൽ, സെക്രട്ടറി |
| 3-13 | 3353117 | 2960000/- ശ്രീ.അബുഫൈസൽ, സെക്രട്ടറി<br>393117/- ശ്രീ. ആർ പ്രകാശ്, സെക്രട്ടറി |

| | | |
|---|---|---|
| 3-14 | 140047 | ശ്രീ. അബ്ദുഫൈസൽ, സെക്രട്ടറി |
| 3-17 | 142173 | ശ്രീ. ആർ പ്രകാശ്, സെക്രട്ടറി |
| 3-18 | 40500 | ശ്രീമതി.പ്രതിഭ എസ് എസ്, കൃഷി ഓഫീസർ |
| 3-19 | 74500 | ശ്രീമതി. പ്രതിഭ എസ് എസ്, കൃഷി ഓഫീസർ |
| 3-21 | 36929 | ഡോ.ഷംജിത, മെഡിക്കൽ ഓഫീസർ, സി എച്ച് സി |
| | 4938016 | |

ഡി)നഷ്ടം തിട്ടപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) ഈ റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽ വിലാസം

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ ഔദ്യോഗിക മേൽ വിലാസം | സ്ഥിരം മേൽ വിലാസം |
|---|---|---|
| ശ്രീമതി.റീന എ എം<br>അസി. സെക്രട്ടറി | അസി.സെക്രട്ടറി<br>പുറത്തൂർ ഗ്രാമപഞ്ചായത്ത് | കരിപ്പോത്ത് വീടി (ലക്ഷ്മിപ്രഭ)<br>പൊന്നാനി സൗത്ത് പി ഒ<br>മലപ്പുറം ജില്ല 679586 |
| ശ്രീമതി. ജിൻസി ഐ<br>അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ<br>തലക്കാട് ഗ്രാമപഞ്ചായത്ത് | കാടേങ്ങൽ<br>കന്മനം പി ഒ, തിരൂർ<br>മലപ്പുറം ജില്ല 676551 |
| ശ്രീമതി.അജിത എൽ<br>അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ<br>പെരിനാട് ഗ്രാമപഞ്ചായത്ത് | കൃഷ്ണാലയം<br>മുണ്ടയ്ക്കൽ ഈസ്റ്റ്<br>കൊല്ലം 691001 |
| ശ്രീമതി.രാജീവ് പി ഡി<br>അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ<br>പുറത്തൂർ ഗ്രാമപഞ്ചായത്ത് | വടശ്ശേരിയിൽ, വേപ്പൂർ<br>വരന്തരപ്പള്ളി പി ഒ<br>തൃശ്ശൂർ 680303 |
| ശ്രീ. അബ്ദുഫൈസൽ<br>സെക്രട്ടറി | സെക്രട്ടറി<br>കണ്ണമംഗലം ഗ്രാമപഞ്ചായത്ത് | പി കെ ഹൗസ്<br>ആനപ്പാറ, കടയ്ക്കൽ പിഒ<br>691536 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|

| | | | |
|---|---|---|---|
| | | | |
| 1970-71 | എൽ.എഫ്.എം.5/959/97/25-7-97 | 3 | |
| 1982-83 | എൽ.എഫ്.എം.5/942/97/25-7-97 | 9 | |
| 1983-84 | എൽ.എഫ്.എം.5/943/97/25-7-97 | 9 | |
| 1984-85 | എൽ.എഫ്.എം.5/944/97/25-7-97 | 10 | |
| 1985-86 | എൽ.എഫ്.എം.7/1360/94/30-09-94 | 11 | |
| 1986-87 | എൽ.എഫ്.എം.5/945/97/25-7-97 | 7 | |
| 1987-88,88-89 | എൽ.എഫ്.എം.5/946/97/25-7-97 | 16 | |
| 1989-90,90-91 | എൽ.എഫ്.എം.5/947/97/25-7-97 | 10 | |
| 91-92 | എൽ.എഫ്.എം.5/948/97/26-7-97 | 6 | |
| 92-93<br>93-94 | എൽ.എഫ്.എം.7/1297/94/20-10-94 | 8 | |
| 94-95 | എൽ.എഫ്.എം.5/383/96/19-9-96 | 2 | |
| 95-96 | എൽ.എഫ്.എം.16/1605/2000/16-7-2004 | 8 | |
| 96-97 | എൽ.എഫ്.എം.16/965/98/16-7-2004 | 9 | |
| 97-98 | എൽ.എഫ്.എം.16/870/2004/26-10-2005 | 5 | |
| 98-99 | എൽ.എഫ്.എം.16/869/2004/16-1-2006 | 7 | |
| 99-00 | എൽ.എഫ്.എം.16/868/04/6-1-05 | 14 | |
| 2000-01 (Plan) | എൽ.എഫ്.എം.16/867/04/2-3-05 | 8 | |
| 2001-02 | എൽ.എഫ്.എം.7/1971(2)/07/2-11-07 | 16 | |
| 2002-03 | എൽ.എഫ്.എം.18/1612(എ)/10/9-11-10 | 10 | |
| 2003-04 | എൽ.എഫ്.എം.18/1612(ബി)/10/9-11-10 | 11 | |

| | | | |
|---|---|---|---|
| 2004-05 | എൽ.എഫ്.എം.14/2296/08, 9-11-10 | 9 | |
| 2005-06 | എൽ.എഫ്.എം.17/1741/09/12-6-12 | 4 | |
| 2006-07 | എൽ.എഫ്.എം.14/1742/09/12-6-12 | 10 | |
| 2007-08 | എൽ.എഫ്.എം.16/2060/11/13-6-12 | 10 | |
| 2008-09 | എൽ.എഫ്.എം.16/2061/11/12-6-12 | 14 | |
| 2009-10, 2010-11 | എൽ.എഫ്.എം.17/903/2013/18-6-13 | 15 | |
| 2011-12, 2012-13 | എൽ.എഫ്.എം.17/1630/14/20-9-14 | 16 | |
| 2013-14 2014-15 | കെ.എസ്.എ.എം.പി.എം.28/520/16 തി. 17.5.17 | 16 | |
| 2015-16 | കെ.എസ്.എ.എം.പി.എം.28/984/2017 തി. 24.02.18 | 15 | |
| 2016-17 | കെഎസ്എഎംപിഎം 17/2241/2017 തി.5-7-18 | 17 | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ.എം.പി.എം.28/1157/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

ഇ-മെയിൽ: dompm.ksad@kerala.gov.in
പിൻ- 676 505 ഫോൺ: 0483-2734951
തീയ്യതി 12/06/2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215(6) വകുപ്പ്, 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും മലപ്പുറം ജില്ലയിലെ പുറത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്